
സി. എം. ഐ. സഭയും ചാവറ അച്ചനും



108-ാം ചരമവാർഷികം

(3-1-1871 — 3-1-1979)

56

To Rev. Brother Dhoraiswaram


ദൈവദാസനായ

ചാവറ കുര്യാക്കോസച്ചന്റെ

108-ാം ചരമവാർഷികം

3-1-1871 — 3-1-1979

DHARMARAM COLLEGE
LIBRARY
BANGALORE-29



Free Distribution
DVK Central Library
Bangalore - 560 029

റവ. ബ്രദർ ഡൊമിനിക്ക് കോയിക്കര

സി. എം. ഐ.

C. M. I. Sabhaum, Chavara Achanum.
(MALAYALAM)


By **Bro. Dominic, C. M. I.**

First Published 3 - 1 - 1979.

Copies — 1000

Price Rs. 2 - 00

PRINTED AT K. C. M. PRESS
KARIKAMURI, COCHIN - 682011.



Bro. Dominic Koikara, C. M. I.

ബ്രദർ ഡൊമിനിക്കിന്റെ ഇതരകൃതികൾ

1 മുത്തുമണികൾ
2 അനുസ്മരണകൾ
3 പാചകവിധികൾ
4 പാവനചിന്തകൾ
5 നിർമ്മലസൂനം
6 പ്രാർത്ഥനാഗാനങ്ങൾ

Bro. Dominic C.M.I.
Free Distribution
DVK Central Library
Bangalore - 560 029

ആമുഖം

കേരള കർമ്മലീത്താ (സി. എം. ഐ.) സഭയും അ
തിന്റെ സ്ഥാപകരിൽ ഒരാളായ ദൈവദാസൻ ചാവറ
കുര്യാക്കോസ് അച്ചനും—കഴിഞ്ഞ അൻപതുകൊല്ലത്തെ
എന്റെ സഭാജീവിതത്തിൽ എനിക്ക് നൽകിയിട്ടുള്ള
നിരവധി സഹായസഹകരണാനുഗ്രഹങ്ങളുടെ നന്ദിയാ
യും, ദൈവദാസനായ അദ്ദേഹത്തിന്റെ 108-ാം ചരമ
വാർഷികത്തിന്റെ സ്മാരകമായും സി. എം. ഐ. സഭ
യുടെ ചരിത്രസംഗ്രഹവും, കഥാകാലക്ഷേപരീതിയിൽ
ദൈവദാസന്റെ ചരിത്രസംഗ്രഹവും, അൻപതുകൊല്ലം
ഈ സഭയിൽ ജീവിച്ച ഒരാളുടെ പ്രാത്ഥനകളെപ്പറ്റിയു
ള്ള പ്രബന്ധവും, പുസ്തകസമർപ്പണം, അനുസ്മരണ മു
തലായവയെപ്പറ്റിയുള്ള കുറെ കവിതകളുമാണ് ഈ
ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ഈ എളിയ ഉദ്യമത്തെ ഒരു ഗ്രന്ഥരൂപത്തിൽ പ്രകാ
ശിപ്പിക്കാൻ എന്നെ സഹായിച്ചിട്ടുള്ളവർ നിരവധിയാ
ണ്. അവർ ഓരോരുത്തരോടും, ഞാൻ ഹൃദയപൂർവ്വം ന
ന്ദി പറഞ്ഞുകൊള്ളുന്നു.

പ്രത്യേകിച്ച് ഈ പുസ്തകം അച്ചടിപ്പിക്കുന്നതിനു് അനു
വാദം തന്നനുഗ്രഹിച്ച സി. എം. ഐ. സഭയുടെ പെ. ബ
പ്രിയോർ ജനറാളച്ചനോടും(റവ. ഫാ. തോമസ് ഐക്കര)
എനിക്കുള്ള ഹൃദയപൂർവ്വമായ നന്ദിയും സ്നേഹവും
രേഖപ്പെടുത്തുന്നു. കൂടാതെ ഈ പുസ്തകം അച്ചടിച്ചുതന്ന കെ.
സി എം. പ്രസ്സ് ഭാരവാഹികളോടും എന്റെ അപാരമായ
കൃതജ്ഞത രേഖപ്പെടുത്തുന്നു.

ബ്രദർ ഡൊമിനിക്ക് സി. എം. ഐ

അവതാരിക

മാന്നാനം കുന്നിൽ കേരള കർമ്മലീത്താസഭയ്ക്ക് പരി
ശുദ്ധസിംഹാസനത്തിൽനിന്നും ഔദ്യോതികാംഗീകാരം
ലഭിച്ചതുമുതൽ 1978 വരെയുള്ള കാലഘട്ടത്തിലെ സഭ
യുടെ അഭിവൃദ്ധി, പരിത്യാഗപരമായ പ്രവർത്തനങ്ങൾ,
നിസ്വാർത്ഥമായ സേവനങ്ങൾ മുതലായവയെപ്പറ്റിയും,
ദൈവദാസന്റെ ജനനംമുതൽ മരണംവരെയുള്ള ജീവച
രിത്രസംഗ്രഹവും, അൻപതുകൊല്ലം സഭയിൽ ജീവിച്ച
ഒരു സന്യാസിയുടെ പ്രാർത്ഥനകളെപ്പറ്റിയും നാം പ്രാ
ർത്ഥിക്കേണ്ടതിനെപ്പറ്റിയുള്ള വിവരണവും സഭാംഗങ്ങള
ടേയും പൊതുജനങ്ങളുടേയും ഇടയിൽ വേണ്ടത്ര അറിവു
നൽകുകയാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശമെന്ന് മനസ്സി
ലാക്കാവുന്നതാണ്.

ഇതിനകം ആറു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള
ഗ്രന്ഥകാരന് അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ!!! ഇ
ദ്ദേഹം എല്ലാവർക്കും സുപരിചിതനാകയാൽ അദ്ദേഹത്തെ
പ്പറ്റി ഒന്നും പ്രതിപാദിക്കുന്നില്ല. ഉത്തരവാദപ്പെട്ട മറ്റ
നേകം ജോലികൾക്കിടയിൽ പരിത്യാഗപൂർവ്വം അത്യദ്ധ്വാ
നിച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇദ്ദേഹത്തെ എ
ത്രമാത്രം അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

പലരിൽനിന്നും പലഗ്രന്ഥങ്ങളിൽനിന്നും ചോദിച്ചും
വായിച്ചും വിവരങ്ങൾ ശേഖരിക്കുവാൻവേണ്ടി ഗ്രന്ഥകാ
രൻ ചെയ്തുകൊണ്ടിരിക്കുന്ന നിരന്തരമായ ജോലികൾക്കും
ബുദ്ധിമുട്ടുകൾക്കും പ്രതിഫലം നൽകാനായി അനുവാ
ചകരായ നമുക്ക് പ്രാർത്ഥിക്കുകയും ഗ്രന്ഥപ്രചാരണത്തി
നായി അകമഴിഞ്ഞ് സഹായിക്കുകയും ചെയ്യാമെന്നുള്ള
ആഹ്വാനത്തോടെ ഈ ചെറുഗ്രന്ഥം നിങ്ങളുടെ മുമ്പിൽ
അവതരിപ്പിച്ചുകൊള്ളുന്നു.

Bro. Jacob Kurian Kummamkulath, C. M. I.
K. C. M. I. T. C. Koonammavu.

താളുകൾക്കിടയിൽ

		Page
1	സമർപ്പണം & സ്മരണ	7
2	ദൈവദാസനായ കുറിയാക്കോസച്ചൻ (കവിത)	7
3	പ്രാത്ഥനാപ്രഭാഷണം	9
4	കമ്മലീത്താസഭയുടെ ചരിത്രസംഗ്രഹം	16
5	ദൈവദാസൻ ചാവറ കുര്യാക്കോസച്ചന്റെ ചരിത്രസംഗ്രഹം	23
6	സ്നേഹമാണഖിലസാരമൂഴിയിൽ	43
7	മംഗളങ്ങൾ	49
8	ശ്ലോകങ്ങൾ	56

1. സമർപ്പണം. (തുള്ളൽ)

കേരള സുരഭില മലരണിവനിയിൽ
കനകമനോഹര നവമൊരു സൂനം
പുഞ്ചിരിതൂകി വിടർന്നനിദാന്തം
പരിമളകാന്തിപകർന്നു വിളങ്ങി

കമ്മലസഭയുടെ വന്ദ്യപിതാവായ്
കൃഷ്ണക്കോസെന്നഭിധേയത്തിൽ
കേരളഭൂവിനൊരാത്മപുരോഗതി
പരിചൊട്ടു വന്നുഭവിച്ചിടുവാനായ്

ഓലൻകണ്ണൻകുന്നിൽ കമ്മല-
സഭയുടെ വിത്തുകരത്താൽനട്ട
വിത്തുവളർന്നുലസിച്ചുതളിർത്തീ-
കമ്മലസഭയിന്നിതുപോലായ്

അജ്ഞതതിങ്ങിയ ഭൂമിയിലെങ്ങും
വിജ്ഞാനത്തിൻ കൈത്തിരികാട്ടാൻ
മഹിതാശയനാം ചാവറയച്ചൻ
മഹിമയെഴും പുതുകൃതികളം രചിച്ചു

വിണ്ടലവേദിയിലൻപൊട്ടു വാഴും
തേജോപുഞ്ജം സ്നേഹമഹാത്മൻ
തന്നുടെ കമ്മലതന്നിൽ വസിക്കും
എളിയൊരു ദാസൻ മോദമൊടേവം

വികൃതികളിങ്ങനെ കൃതികളിലാക്കി
ചന്തമിണങ്ങിയ പാട്ടുകളിലാക്കി
ദൈവദാസൻ ചാവറതന്നുടെ
പാദസുമങ്ങളിലർപ്പിക്കുന്നേൻ.

2. ഒരു സ്മരണ.

സ്മരണരഥത്തിൽ കയറീയുന്നത
സ്മാരകശിലകളെ വീക്ഷിച്ചപ്പോഴം
കേരളസഭയെത്തട്ടിയുണർത്തീ—
ക്കൈരളിയെക്കൈനെൽകിവളർത്തി

കേരളചരിതം മാറ്റിരചിച്ചഥ
കരളിനുകൗതുകമരുളാൻ പോരും
വ്യക്തിപ്രതിഭാശാലിമഹാത്മൻ
ഭക്തിയെഴുന്നൊരുന്നതതാതൻ

തന്നുടെ പുകളുകയും പാടുന്നേരം
തളിരണിയുന്നീ ഹൃദയവനങ്ങം
ആരാണീനവചരിതം നെയ്യാൻ
കാരണമാക്കിയ പാവനപാദൻ

കേരളകമ്മലവാടി വളർത്തിയ
കമ്മോൽസുകനാം ചാവറയച്ചൻ
പുണ്യപ്പരിമളധോരണിചിന്തും
പുണ്യപിതാവാം കുര്യാക്കോസച്ചൻ

3. ചാവറയച്ചൻ (ഗാഥ)

കേരളനാടാകും മാമകകോമള
കേരകം തിങ്ങിടും ഭവ്യനാട്ടിൽ
ചേന്നങ്കരിപ്പള്ളിയിടവകയിലെ—
ചാവറഭവനത്തിൽ ജാതനായ

കൃഷ്ണക്കോസേലിയാസച്ചന്റെ താതയൊരു
പ്രേക്ഷിതജോലിക്കും കേട്ടീടുക

കമ്മലസഭയെ സ്ഥാപിച്ച വന്ദ്യനും
സഭയുടെയാദ്യത്തെ ജനറാളും
കത്തോലിക്കരുടെ വികാരിജനറാള-
മായങ്ങു ശോഭിച്ച ദൈവദാസൻ
മുദ്രാലയജോലിയാദ്യമായ് തുടങ്ങി
വൃദ്ധന്മാർക്കായുള്ള മന്ദിരവും

ആലംബമില്ലാത്തോർക്കാശ്വാസം നിത്യവും
വിവിധോപദേശവും നൽകിവന്നു.
റോക്കോസിൻ ശീശ്മയെ ധീരമായ് നേരിട്ട
റോക്കോസുകപ്പലിൽ തിരിച്ചുപോയ്

മാനസാന്തരാത്മം തീവ്രമായ് യത്നിച്ച
കാനോൻ ജപങ്ങളും ക്രമമാക്കി
നാല്പതുമണിയാരാധന തുടങ്ങി
പള്ളിക്രമങ്ങളും നവീകരിച്ചു

ആത്മാനുതാപമെന്നഭിധാനത്തിലായ്
ആത്മകഥാഗ്രന്ഥവും രചിച്ചു
അഗാധയെളിമ നിസ്വാർത്ഥസേവനം
വീരോചിതമായ പരസ്നേഹം

ദാരിദ്ര്യമെളിമയനുസരണവും
അനൂനം പാലിച്ച വന്ദ്യതാതാ
ജീവിതകാലത്തു പുണ്യത്തിൽ ചരിച്ചു
ഏവർക്കും മാതൃക നൽകിയല്ലോ

റോമ്മായിൽ വിശുദ്ധനെന്നു പ്രഖ്യപിക്കാൻ
ഏവരും പ്രാർത്ഥിക്കാ സോദരരെ
കേരളപുത്രനാം ധന്യപിതാവെ നീ
കേരളമക്കൾക്കായ് പ്രാർത്ഥിക്കണെ.

സ്വർഗ്ഗീയ രാജ്യത്തു വാഴുന്ന പുണ്യാത്മാ
ആ ഭാഗ്യം നേടുവാൻ ദാഹിച്ചിടും
ധൂർത്തനും പാപിയുമായൊരെനിക്കായും
എന്നെന്നും പ്രാർത്ഥിക്കാ പുണ്യതാതാ.

4. പ്രാർത്ഥനാപ്രഭാഷണം

പ്രാർത്ഥനയെപ്പററി ആധികാരികമായി പറയുവാൻ എനിക്കെന്തർഹത എന്നതിനെപ്പററി എനിക്കും നിങ്ങൾക്കും സംശയമില്ല. പക്ഷെ പ്രാർത്ഥനയെപ്പററി വളരെയേറെ പഠിച്ചതുകൊണ്ടോ, അനേകഗ്രന്ഥങ്ങൾ വായിച്ചതുകൊണ്ടോ; ഒരാൾക്കും പ്രാർത്ഥനയെപ്പററി പറയുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

ദൈവത്തെ മുഖാഭിമുഖം കണ്ടു അവിടത്തെ ഹിതം ആരായുകയാണു പ്രാർത്ഥനയെങ്കിൽ, ദൈവാനുഭവം ലഭിക്കാത്ത ഒരാൾക്കും പ്രാർത്ഥനയെപ്പററി പറയുവാൻ അവകാശമില്ല. ഈ സത്യം അംഗീകരിച്ചുകൊണ്ടതന്നെ എനിക്കുള്ളതു ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ദിവസത്തിന്റെ ഭ്രരിഭാഗവും മോട്ടോർ സൈക്കിൾ ഓടിച്ചും, പ്രാർത്ഥനാലയത്തിൽ കയറാതെയും സോഷ്യൽ വർക്കിൽ മുഴുകിനടക്കുന്ന ചിലരുമല്ലെ നമ്മുടെ പള്ളിക

ളിലും, കന്യാമഠങ്ങളിലും പ്രാർത്ഥനയെപ്പറ്റി പ്രസംഗിച്ചവരുന്നതു്. ആരും എത്ര സമർത്ഥനായ വാഗ്മിയായാലും തങ്ങൾക്കില്ലാത്ത പ്രാത്ഥനയും, ധ്യനവും മറ്റുള്ളവർക്കു് കൊടുക്കുവാൻ സാധിക്കുന്നതല്ലെന്നുള്ള തത്വം നാമോരോരുത്തരേയും ഇരുത്തിചിന്തിപ്പിക്കേണ്ട വസ്തുതകളാണു്.

നാം നമ്മെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? നാമെത്ര മാത്രമാണു് പ്രാത്ഥിച്ചുകൂട്ടുന്നതു്. സഭയിൽ അൻപത്തു വർഷം ജീവിക്കുന്ന ഒരു സന്യാസി നമ്മുടെ നിലവിലുള്ള സഭാനിയമങ്ങൾ അനുസരിച്ചു്_47650_മണിക്കൂർ പ്രാത്ഥിക്കുന്നുണ്ടു്. നിയമപ്രകാരമുള്ളവസ്തുപുറമെ വ്യക്തിപരമായി പ്രാത്ഥിക്കുന്നതു് ഈ കണക്കിൽപെടുന്നില്ല. കൂടാതെ 17250 പ്രാവശ്യം നാം വിശുദ്ധകുർബാന സ്വീകരിക്കുന്നുണ്ടു്. അൻപതോളം വാർഷികധ്യാനങ്ങളും, അറുനൂറിൽപരം മാസധ്യാനങ്ങളും നടത്തുന്നുണ്ടു്. സെമിനാറുകളും, ചർച്ചകളും, ഡയലോഗുകളും, റിന്യൂവൽ പ്രസ്ഥാനങ്ങളും കരിസ്മാറ്റിക്കു് പ്രാർത്ഥനകളും ഇതിനു പുറമേയും. ഇത്രയേറെ പ്രാത്ഥിച്ചിട്ടും ആരുടെയെങ്കിലും മനസ്സിൽ എന്തെങ്കിലും പരിവർത്തനം ഉണ്ടായതായി കേട്ടിട്ടുണ്ടോ? എങ്കിൽ നമുക്കു് എത്രയേറെ വിശുദ്ധന്മാരുണ്ടായേനെ.

അപ്പോഴും നമ്മുടെ പ്രാർത്ഥനകളിൽ എന്തോ കാതലായ തകരാറുകളും ഉണ്ടെന്നുള്ളതു് വ്യക്തമാണു്. ആ തകരാറുകളും ഏവയെന്നു് പരിശോധിച്ചു്കാണുവാൻ നാമോരോരുത്തരും പരിശ്രമിക്കേണ്ടിയിരിക്കുന്നു. നാം മണിക്കൂറുകളും മണിക്കൂറുകളും പ്രാത്ഥിച്ചു് കഴിക്കുന്നു. നമ്മുടെ ധാരണ നാം പ്രാത്ഥിച്ചു് പ്രാർത്ഥിച്ചു് കഠിന ഹൃദയനായ ദൈവത്തെ മാനസാന്തരപ്പെടുത്തിയെടുക്കുകയാണെന്നാണു്. ഒരുപക്ഷെ വിശുദ്ധ ലൂക്കാ പ്രാത്ഥന

യുടെ ഫലസിദ്ധിയെപ്പററി പറയുന്ന സുവിശേഷഭാഗം ലൂക്കാ 11/5–8 വാക്യങ്ങളാ ഇതിനുകാരണമായേക്കാം. അതായതു് അവൻ(ഈശോ) വീണ്ടും അവരോടു് അരുളി ച്ചെയ്തു. നിങ്ങളിൽ ആർക്കാണു് ഒരു സ്നേഹിതൻ ഉള്ള തു്? അവൻ അർദ്ധരാത്രിയിൽ അയാളുടെ അടുക്കൽ ചെന്നു്, ''എന്റെ സ്നേഹിതാ മൂന്നു് അപ്പം എനിക്കു് വായ്പ തരണം. എന്തെന്നാൽ ഒരു സ്നേഹിതൻ വഴി യാത്രയിൽ എന്റെ അടുക്കൽ വന്നിരിക്കുന്നു. അവനു് വിളമ്പുവാൻ ഒന്നുമില്ല.'' എന്നു് അവനോടു് പറഞ്ഞാൽ അവന്റെ സ്നേഹിതൻ അകത്തുനിന്നു് ഉത്തരമായി അവ നോടു്, ''എന്നെ അസഹ്യപ്പെടുത്തരുതെ എന്തെന്നാൽ ഇതാ വാതിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. എന്റെ കുട്ടികളും എന്റെ കൂടെ കട്ടിലിൽ കിടക്കുന്നു. എഴുന്നേറ്റു് നിന ക്കു് തരുവാൻ എനിക്കു് സാധിക്കയില്ല.''എന്നു് പറ ഞ്ഞാലും, അവൻ സ്നേഹം നിമിത്തം കൊടുക്കുകയില്ലെ ങ്കിലും, അവന്റെ നിർബന്ധം മൂലം എഴുന്നേറ്റു് അവ നാശ്യമുള്ളിടത്തോളം കൊടുക്കുമെന്നു് ഞാൻ നിങ്ങളോ ടു് പറയുന്നു.

ഇങ്ങനെ ഒരു മാനസാന്തരമാണോ? യഥാർത്ഥത്തിൽ നമ്മുടെ പ്രാർത്ഥനവഴിയായി ദൈവത്തിനു് സംഭവിക്കു ന്നതു്? എങ്കിൽ കൈക്കൂലികൊടുത്തു് ദൈവത്തെ മയ ക്കി എടുക്കാൻ എളുപ്പമായിരുന്നു. ഇതല്ലാ പ്രാർത്ഥന എന്നു് എനിക്കു് തോന്നുന്നു. പ്രാർത്ഥനയിലൂടെ ദൈവ ത്തിന്റെ മനംമാറ്റമല്ലാ, മറിച്ചു് ദൈവഹിതത്തിനനു സരിച്ചു്, നമ്മുടെ മനസ്സു് പരിവർത്തനവിധേയമാവുക യാണു് വേണ്ടതു്. ഇതാണു് പ്രാർത്ഥനയുടെ അവസാന ത്തിൽ നമ്മിലുണ്ടാകേണ്ട ഫലം.

ഉദാഹരണത്തിനു് കത്താവിനെത്തന്നെ ചൂണ്ടിക്കാണിക്കാം, ''ഈ കാസ മാറ്റിത്തരേണമെ'' എന്നു് പറഞ്ഞുകൊണ്ടു് ആരംഭിക്കുന്ന പ്രാർത്ഥനയുടെ അവസാനത്തിൽ അവിടുന്നു് പറയുന്നതു് ''പിതാവെ എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ''എന്നാണു്. ഇതായാരിക്കണം പ്രാർത്ഥനയിലൂടെ നമ്മിലും സംഭവിക്കേണ്ടതു്. സ്വന്തഇഷ്ടം നടപ്പാക്കാനായി പ്രാത്ഥനയെ ഉപയോഗിക്കാതെ, ദൈവത്തിന്റെ ഹിതം കണ്ടെത്താനായി പ്രാർത്ഥിക്കുക. ഈ ആശയം സ്വീകരിക്കാൻ തയ്യാറായാൽ വിധവകളുടെ അവസ്ഥയിൽനിന്നു് നമുക്കു് മോചനം കിട്ടുമെന്നു് തോന്നുന്നു.

കാരണം ഇന്നു് നമ്മിൽപലരും വിധവകളെപ്പോലെ ദുഃഖിതരും അസംതൃപ്തരും പരാതിക്കാരുമായിക്കഴിയുന്നതായി എനിക്കു് തോന്നുന്നു. കൂടാതെ നമ്മുടെ പ്രാർത്ഥനകൾ എളിമയോടും വിനയത്തോടും ശരണത്തോടും ആത്മാർത്ഥതയോടും വിശ്വാസത്തോടും മനസ്താപത്തോടും വിധേയത്വത്തോടുംകൂടിയതുമായിരിക്കണം. വിസ്താരഭയത്താലും സമയചുരുക്കത്താലും നിർത്തുന്നു. എല്ലാവക്കും എന്റെ കൂപ്പുകൈ.

നിങ്ങളുടെ വൃദ്ധസോദരൻ ബ്ര: ഡൊമിനിക്കു്.

സി. എം. ഐ.

5. പ്രാർത്ഥനാഗീതം

അപരാധി ഞാൻ ദൈവമെ
അനുഗ്രഹിക്കീ പാപിയെ
അങ്ങേ ശാശ്വതശാന്തിയിൽ
ലയിച്ചീടുവാൻ!

വരമാരി ചൊരിയണെ
അറുപോയ ബന്ധങ്ങളിൽ
സ്വയം പൂജിക്കും ത്യാഗവും
നൽകീടേണമേ!

സന്ദേഹത്തിൽ വിശ്വാസവും
കൂരിരുളിൽ പ്രകാശവും
ദുഃഖിതക്കാലംബവുമാ—
യെന്നെ തീർക്കുക!

നാഥാ മറുത്തു ചെയ്തതാം
പാപങ്ങളെ പൊറുക്കണെ
അപരന്റെ തെറ്റുകളെ—
ക്ഷമിച്ചീടുവാൻ!

മടുപ്പില്ലാത്ത മാനസം
എനിക്കു നീ തരേണമെ
പരീക്ഷയിൽ വീഴാതെന്നെ
കാത്തീടേണമെ!

വാനിൽ നിന്നും സക്രാരിയിൽ
സന്നിഹിതനാമെൻ നാഥാ
സദാനിൻസ്തുതികൾ പാടാ—
നെന്നിൽ കനിയൂ!

ആകാശരാജ്യത്തിൽ വന്നെ—
ന്നും നിന്നെ കീർത്തിക്കുവാനായ്
ആവേശം പൂണ്ടുനിൽക്കുമെ—
നെന്നിൽ കനിയണെ!

കാരുണ്യവാനാമീശോയെ
മരണനേരത്തെനിക്ക—
ഭയമായിവന്നു വിണ്ണിൽ
ചേർത്തീടേണമെ!

നല്ലിടയനാമീശോനാഥാ
നീയൊരുവനെനിക്കുടയോൻ
പുണ്യപ്പാതയിൽ മുന്നേറുവാ—
നെന്നെ നീ നയിച്ചീടേണമെ
നിത്യഭാഗ്യത്തിലെത്തീച്ചേരാൻ
ദാഹിച്ചുഴലുമീ പാപിയ്ക്കുനീ
നിത്യജീവനേകിടേണമെ
ക്രൂരിരുൾതിങ്ങും പാതകളിൽ
വഴികാണാതലഞ്ഞീടുമ്പോൾ
നേർവഴിയെ നടത്തേണമെ
എന്റെ അഴലെല്ലാം മാറേണമെ
ദീപമേ നയിച്ചാലുമെന്നെ
കുരുടനു കാഴ്ച നൽകിയനാഥാ
എന്തുകൊണ്ടെന്നെ കൈവെടിഞ്ഞു
പാപമകറ്റിനേർവഴിനടത്താൻ
നീയല്ലാതാരുമില്ല നാഥാ

വെളിച്ചമില്ലാത്ത വീഥികളിൽ
പ്രകാശമില്ലാത്ത രാത്രികളിൽ
വഴിയറിയാതെ വലയുമ്പോഠം
നേർവഴിയെന്നെ നടത്തേണമെ
ദീപമെ നയിച്ചാലുമെന്നെ—
യെന്നും നൽവഴിയെ നയിച്ചാലും
പാപിയാമെന്നകതാരിൽ
ഓതിട്ടും നിൻതിരുനാമത്താൽ
ധന്യമാക്കേണെമീ ജീവിതം
മന്നിതിലെന്നാളുമേശുനാഥാ.



കേരള സുറിയാനി കത്തലീത്താസഭയുടെ ചരിത്രസംഗ്രഹം

പാലക്കൽ തോമാമല്പാനച്ചനും പോരുക്കര തോമ്മാച്ചനും കണിയാന്തറയാക്കോബും അവിശ്രമം ജോലി ചെയ്തു് മാന്നാനംകുന്നിൽ പണിതീർത്ത പന്തലിൽ വസിച്ചുകൊണ്ടു് ദിവ്യബലി അർപ്പിക്കാനുള്ള കപ്പേളയുടെ പണികളും തുടങ്ങികൊണ്ടിരിക്കവെ 1831 മെയു് 11–ാംതീയതി ആശ്രമത്തിനുള്ള സ്ഥലവും നിശ്ചയിച്ചു. ഏറെ താമസിയാതെ കപ്പേള പൂർത്തിയാക്കി. അടുത്തു് വന്ന പന്തക്കുസ്താതിരുനാളിൽ അവിടെ ആദ്യമായി ദിവ്യബലിയർപ്പിച്ചു. 1831 ജൂൺ 11–ാം തീയതി കൊവേന്തപണിക്കുള്ള അടിസ്ഥാനകല്ലു് അഭിവന്ദ്യ മെത്രാനച്ചൻ നിന്നുകൊണ്ടു് പോരുക്കര തോമാച്ചനെക്കൊണ്ടിടുവിച്ചു. വിശുദ്ധ യൗസേപ്പു് പിതാവിന്റെ നാമത്തിലുള്ള ഈ കൊവേന്തയുടെ പണികളും തീർത്തു എങ്കിലും പല പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടിവന്നതിനാൽ അവകളെ തരണംചെയ്യാൻ കാലതാമസമുണ്ടായി.

1855 ഡിസംബർ 8–ാം തീയതി പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവപ്രഖ്യാപനത്തിന്റെ ഒന്നാം വാഷ്കികദിനത്തിൽ 18 ശതാബ്ദത്തെ പഴക്കമുള്ള ക്രിസ്തീയ സഭയ്ക്കു് ഔദ്യോഗികമായ അരഗീകാരത്തോടെ വ്രതത്രയങ്ങളാൽ ബന്ധിതമായ ഒരു ഏതദ്ദേശീയ സന്യാസസഭയുടെ ജനനം കാണുവാൻ ഭാഗ്യമുണ്ടായി. അന്നു് ചാവറ കുര്യാക്കോസച്ചന്റെ നേതൃത്വത്തിൽ 11 വൈദികർ ചേർന്നു് മാന്നാനത്തെ ആശ്രമദേവാലയത്തിൽ വച്ചു് ദാരിദ്ര്യം, കന്യവ്രതം, അനുസരണം എന്ന വ്രതങ്ങളും

സ്വീകരിച്ചുകൊണ്ട് സന്യാസത്തിൽ പ്രവേശിച്ചതോടെ ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭ സ്ഥാപിതമായി.

മുനിവര്യന്മാർക്ക് യോജിച്ചതായ ''അമലോത്ഭവ കന്മലമാതാവിന്റെ ദാസന്മാർ'' എന്ന പേരാണ് ആ രംഭത്തിൽ ഇവർ സ്വീകരിച്ചത്. സകലർക്കും സുസമ്മതനും, വിജ്ഞാനപാടവവും, പുണ്യത്തിൽ തീക്ഷ്ണതയും, പ്രസംഗചാതുരിയുമുള്ളവനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ സഭയുടെ പ്രഥമ പ്രീയോർ ജനറാളായി തിരഞ്ഞെടുത്തത് സഭയുടെ ഉന്നമനത്തിനും വളർച്ചയ്ക്കും നിദാനമായി ഭവിച്ചു. 1855–ൽ സഭയുടെ പരീക്ഷണാർത്ഥമുള്ള അംഗീകാരം തിരുസിംഹാസനത്തിൽ നിന്നും ലഭിച്ചു. 1906 മാർച്ച് രണ്ടാം തീയതി പത്താം പിയൂസ് മാർപ്പാപ്പാ സഭക്കു സ്ഥിരീകരണം നൽകി അനുഗ്രഹിച്ചു. ഇങ്ങനെ കേരള കന്മല സഭയ്ക്ക് ''യൂറീസ് പൊന്തിഫിച്ചി'' (Juris Pontificü) എന്ന ഉന്നത പദവി നൽകുകയും ചെയ്തു.

അത്ഭുതാവഹമെന്നു പറയട്ടെ മാന്നാനംകുന്നിൽ 11 പേർമാത്രം ചേർന്ന് സമാരംഭിച്ച കന്മലീത്താസഭ (നട്ടുമുന്തിരിവള്ളി) പടർന്ന് പന്തലിച്ച് ശാഖോപശാഖകളായി വളർന്ന് ഇന്നിതാ കേരളത്തിലെന്നല്ല ഭാരതത്തിലുടനീളവും വ്യാപിച്ചതിനും പുറമെ പാശ്ചാത്യരാജ്യങ്ങളായ ഇറ്റലി, ജർമ്മനി, ബൽജിയം, ഇംഗ്ലണ്ട് അമേരിക്ക, തുടങ്ങിയ രാജ്യങ്ങളിലേക്കും പടർന്നുകൊണ്ടിരിക്കുന്നു. ഇറ്റലിയിൽ സഭയ്ക്ക് സ്വന്തമായ ഒരു ഭവനംകൂടിയുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. കഴിഞ്ഞ 122 വർഷങ്ങൾക്കിടയിൽ കർമ്മലീത്താ (സി. എം. ഐ.)

സഭയുടെ വീരസന്താനങ്ങളും കത്തോലിക്കാസഭയ്ക്കും രാഷ്ട്രത്തിനും ഭാരതത്തിലെ ജനങ്ങൾക്കും വേണ്ടി അദ്ധ്വാനിച്ചു് ജോലിചെയ്തു് ശക്തിയറ്റു് മരിച്ചു് മൺമറഞ്ഞു പോയ 250ൽപരം അച്ചന്മാരും, 20തിലേറെ ബ്രദേഴ്സും, ഏതാനും ശെമ്മാശ്ശന്മാരും ഉണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. സി. എം. ഐ സഭയെ ത്യാഗ സമനിതമായ അദ്ധ്വാനത്താൽ പടുത്തുയർത്തിയ അവരെ എന്നെന്നും നാം കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചു് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നാമോരോരുത്തരും കടപ്പെട്ടവരാണെന്നുള്ള യാഥാർത്ഥ്യവും ഇവിടെ എടുത്തുപറഞ്ഞുകൊള്ളുന്നു.



സി.എം.ഐ. സഭവകയായി (1977ലെ കണക്കുംപ്രകാരം

പ്രൊവിൻസെസ്	—	4
റീജിയൻസ്	—	4
മിഷൻ ക്ഷേത്രകേന്ദ്രം	—	4
എക്സാർക്കേറ്റു്	—	1
കാനോനിക്കൽ ഹൗസെസ്	—	30
ഹൌസെസ്	—	19
റസിഡെൻസെസ്	—	38
സ്റ്റഡി ഹൌസെസ്	—	2
നൊവിഷ്യേറ്റ്സ്	—	4
അസ്പിരൻറ് ഹൌസെസ്	—	12
പാരിഷസ്	—	26
സൺഡെ സ്കൂൾസ്	—	43
ഡയലോഗ് സെൻറർ	—	1
എക്കുമേനിക്കൽ സെൻറർ	—	1
ഹോസ്പിറ്റൽസ്	—	6

ഡിസ്പെൻസറീസ്	—	12
ബോയിസ് ഹോംസ്	—	9
ഹോം ഫോർ ദി എയ്ജ്ഡ്	—	3
ഹോം ഫോർ ദി ഹാൻറിക്കാപ്സ്	—	1
ഫാദേഴ്സ്	—	736
ബ്രദേഴ്സ്	—	112
സ്ലോളാസ്റ്റിക്സ്	—	380
നൊവീസസ്	—	70
അസ്പിരൻസ്	—	250
ആർട്ട്സ് ആൻറ് സയിൻസ് കോളേജ്സ്	—	6
ടെയിനിംഗ് കോളേജ്	—	1
ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്സ്	—	6
ട്യൂട്ടോറിയൽ കോളേജ്സ്	—	3
ഹൈസ്കൂൾസ്	—	18
യു. പി. സ്കൂൾസ്	—	7
എൽ. പി. സ്കൂൾസ്	—	18
നഴ്സറി സ്കൂൾസ്	—	7
ഹോസ്റ്റൽസ്	—	15
ബോർഡിങ്ങ് ഹൗസെസ്	—	5
കൗൺച്ചറൽ സെൻറേഴ്സ്	—	9
പ്രിൻറിംഗ് ഹൗസെസ്	—	7
ഡെയിലി പേപ്പർ	—	1
മന്ത്ലീസ്	—	5
ബുക്കു് ഹൌസെസ്	—	6

1957 ൽ സ്ഥാപിച്ച സഭയുടെ പൊതുപഠനഗ്രഹമായ ബാംഗ്ളൂർ ധർമ്മാരാം കോളേജിലേയ്ക്കു് നൊവിസ്യാത്തിനു് ശേഷം ഫിലോസഫിയും, തിയോളജിയും മറ്റു് ശാസ്ത്രങ്ങളും പഠിക്കാനായി വൈദികവിദ്യാർത്ഥി

ളെ അയക്കുന്നു. ഇവിടെ B. Ph, B. Th, M. Th. എന്ന ഡിഗ്രികൾക്കുള്ള ക്ലാസുകൾ എടുക്കാനും പാസ്സാകുന്നവർക്കു ഡിഗ്രികൾ കൊടുക്കാനും (റോമിലെ ഗ്രീഗോരിയൻ സർവ്വകലാശാലയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണു്.) കൂടാതെ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള ക്രൈസ്റ്റ് കോളേജിൽ സകലജാതിമതസ്ഥരായ വിദ്യാർത്ഥികളെ ചേർത്തു് പഠിപ്പിച്ചു വരുന്നു.

പാശ്ചാത്യസർവ്വകലാശാലകളിൽ നിന്നും വേദശാസ്ത്രവിഷയങ്ങളിലും, ലൌകിക വിജ്ഞാനശാഖകളിലും ഉന്നതബിരുദങ്ങൾ നേടിയിട്ടുള്ള സഭാംഗങ്ങൾ സഭയിൽ ധാരാളമുണ്ടു്. അംഗസംഖ്യയിലും ത്യാഗപൂർണ്ണമായ സേവനത്തിലും കേരള സുറിയാനി കർമ്മലീത്താസഭ (സി. എം. ഐ. സഭ) ഭാരതത്തിലെ ഏതദ്ദേശീയ സന്യാസസഭകളുടെ മുന്നണിയിൽ നിൽക്കുന്നു എന്നതു് പ്രസ്താവ്യമാണു്. 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളസുറിയാനി സഭയിലുണ്ടായ പിളർപ്പിനും, വിശ്വാസത്തിനു് കണ്ണുകോടാലിയായ്തീർന്ന ശീശ്മകൾക്കുമെതിരായി സുശക്തമായ ധീരസമരം നടത്തി വിജയം വരിക്കാനിടയാക്കിയതു് കർമ്മലീത്താസഭയുടെ പ്രഗത്ഭരായ സന്താനങ്ങളായിരുന്നു. വിശ്വാസപ്രചരണത്തിനും സംരക്ഷണത്തിനും സഭ ചെയ്തിട്ടുള്ള സേവനങ്ങൾ മഹനീയങ്ങളാണു്. സ്കൂളുകളും കോളേജുകളും വഴിയും മറ്റു് പ്രകാരത്തിലും ജനങ്ങൾക്കു് വിജ്ഞാനം പകർന്നു് കൊടുക്കുന്നതിനും, സമുദായോദ്ധാരണം, അധ:കൃതോദ്ധാരണം, വിദ്യാഭ്യാസം, പത്രപ്രവർത്തനം, പ്രസിദ്ധീകരണം, ആതുരശുശ്രൂഷകൾ, പാവപ്പെട്ടവർക്കു് വീടുകൾ വച്ചും കിണറുകൾ കുഴിപ്പിച്ചും, റോഡുകൾ വെ

ട്ടിച്ചും, ദാനധർമ്മങ്ങളും വഴിയായും മറ്റു പലേവിധത്തിലുള്ള ജീവകാരുണ്യപരമായ പ്രവർത്തനങ്ങളും വഴി ഭാരതത്തിലുടനീളം സഭ ചെയ്യുവരുന്ന സേവനങ്ങളെ ഗവണ്മെണ്ടുകളും, ഇൻഡ്യൻ പ്രധാനമന്ത്രിമുതൽ പലമഹാന്മാരും പൌരാവലിയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണു്, സഭക്കു് അഭിമാനകരമാണു്.

കൂടാതെ ഭാരതത്തിലുള്ള ചാന്ദാ, സാഗാർ, ജഗദൽപൂർ, ബിജ്നോർ, രാജക്കോട്ടു്, എന്നീ അഞ്ചു രൂപതകളുടെ ഭരണം നടത്തുന്ന അഭിവന്ദ്യരായ ജെനുവാരിയൂസു്, ക്ലെമെൻസു്, പൌളീനോസു്, ഗ്രേഷ്യൻ, ജോനാസു് എന്നീ അഞ്ചു തിരുമേനിമാരും സി. എം. ഐ സഭയുടെ അരുമസന്താനങ്ങളാണു്. (കമ്മലീത്താസഭ ഇടക്കാലത്തു് സി. എം. ഐ. എന്നപേരിൽ അറിയപ്പെടുന്നു.) ഈ തിരുമേനിമാരുടെ അഞ്ചു് രൂപതകളിലായി 145 സി. എം. ഐ. വൈദികരും 4 ബ്രദേഴ്സും ഏതാനും ശെമ്മാശ്ശന്മാരും, പല സഭകളിൽനിന്നും 415 കന്യാസ്ത്രീകളും 53 സ്കൂളുകളിലും, 15 ആസ്പത്രി ഡിസ്പെൻസറികളിലും സേവനം ചെയ്യുന്നതിനും പുറമെ പട്ടിണിപാവങ്ങൾക്കു് വീടു് വെച്ചു കൊടുക്കുക. കിണർ കുഴിപ്പിച്ചും, റോഡുകൾ വെട്ടിച്ചും, കൊടുക്കുക മുതലായ ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നു. കൂടാതെ ഗ്രാമങ്ങൾതോറും നടന്നു് വീടുകളും സന്ദർശിച്ചു് അവശരായ വർക്കു് ഭക്ഷണംകൊടുത്തും ചികത്സകൾ ചെയ്തുകൊടുത്തുകൊണ്ടു് സഹായിക്കുകയാണു്. ഹിമാലയപ്രാന്തങ്ങളിലെ കൊടുംതണുപ്പിലും, മറ്റു സ്ഥലങ്ങളിലെ അത്യുഷ്ണവും സഹിച്ചു് രാപകൽ അദ്ധ്വാനിച്ചു് ജോലിചെയ്തു് പരിത്യഗപരമായ ജീവിതം നയിച്ചുപോരുന്നുണ്ടെന്നുള്ള യാഥാർത്ഥ്യവും പ്രസ്താവിച്ചുകൊള്ളുന്നു.

സി. എം. ഐ. സഭയിലെ പ്രഗത്ഭരും, പണ്ഡിത ന്മാരുമായുള്ള വീരസന്താനങ്ങളിൽ പലരും സ്വയസ്കനാലും, മെഡിറ്ററേനിയൻ കടലും, അറ്റ്ലാന്റിക്കു സമുദ്രവും കടന്നു് ചെന്നാണു് പാശ്ചാത്യരാജ്യങ്ങളിലും അമേരിക്കയിലും, മിഷൻജോലികളും, ഇടവകപ്പള്ളി ജോലികളും, കോളേജ് പ്രൊഫസർജോലികളും മുതലായ നടത്തുന്നതു് കൂടാതെ ഉന്നതബിരുദങ്ങൾക്കായി പഠിക്കുന്ന സഭാംഗങ്ങളും പലരുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

സി. എം. ഐ. സഭയുടെ ആദ്യത്തെ ജനറാളും ഇപ്പോളും ദൈവദാസനുമായ ചാവറകുര്യാക്കോസച്ചന്റെ 106-ാം ചരമവാർഷികമായ 3-1-1977 ആയപ്പോഴേക്കും സഭക്കുണ്ടായിട്ടുള്ള നേട്ടങ്ങളും അത്ഭുതാവഹമാണു്. അദ്ദേഹത്തെ വിശുദ്ധനെന്നു് പേരുവിളിക്കാനുള്ള നടപടികളും റോമ്മായിൽ നടന്നുകൊണ്ടിരിക്കുകയാണു്. ആ നടപടികളും ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെന്നാണു് എന്റെ അറിവു്. കേരളത്തിലൊട്ടാകെ ജാതിമതഭേദമെന്യേ എല്ലാവർക്കും നന്മകളും ചെയ്തുകൊണ്ടു് മൺമറഞ്ഞുപോയ അദ്ദേഹത്തെ പരിശുദ്ധ സിംഹാസനത്തിൽനിന്നും വിശുദ്ധനെന്നു പ്രഖ്യപിക്കുവാനുള്ള ദിവസം വേഗത്തിൽ സമാഗതമാകുവാൻ വേണ്ടി വായനക്കാരേവരും ഉള്ളുഴിഞ്ഞു് പ്രാർത്ഥിപ്പാറാകണമെന്നു് വിനീതമായി അപേക്ഷിക്കുന്നു.

ഈ സഭയിൽ അൻപതുകൊല്ലങ്ങൾ സേവനംചെയ്തു ജീവിച്ച ഞാൻ ദൈവദാസന്റെ ചരിത്രസംഗ്രഹം അവസാനിപ്പിക്കുകയാണു്. ഈ ചരിത്രസംഗ്രഹത്തിലെ തെറ്റുകളും കുറവുകളും സദയം ക്ഷമിപ്പാറാകണമെന്നു് വായനക്കാരേവരോടും അപേക്ഷിക്കുന്നു.

നിങ്ങളുടെ വൃദ്ധസഹോദരൻ ബ്രദർ ഡോമിനിക്കു്

സി. എം. ഐ.

7. ദൈവദാസൻ ചാവറ കുര്യാക്കോസച്ചന്റെ ചരിത്രസംഗ്രഹം

(കഥാകാലക്ഷേപം)

ഗായകർ: അസ്തമയസൂര്യൻ പൊൻപട്ടുടുപ്പിച്ച
പച്ചിലക്കുന്നിന്റെ കാന്തിപൂരം
നിത്യദൈവത്തിന്റെ ശക്തിയാർജ്ജിച്ചൊരാ
നിസ്സുലപരിവേഷമെന്നപോലെ

കഥ: കുറുകുറെ കൊച്ചുഗ്രാമത്തിന്റെ മദ്ധ്യത്തിൽ ഉയർന്നുകാണുന്ന ആ കുന്നിൽ അന്തിക്കതിരോന്റെ മഞ്ഞവെളിച്ചം എമ്പാടും പരന്നു് നിൽക്കുന്നു. അതു് പ്രകൃതിയുടെ വെളിച്ചം മാത്രമല്ലാ, വിശ്രുദ്ധിയുടെ പരിവേഷം കൂടിയാണു് എന്നു് തോന്നിപ്പോകും. എന്നാൽ ആ കുന്നിന്റെ മറ്റു വിശേഷങ്ങൾ.

ഗായ: വാകമരങ്ങളും നെല്ലിമരങ്ങളും
ഉല്ലാസമേകുന്ന തെങ്ങിൻതോപ്പും
വാരുറ്റു നിൽക്കുന്ന ചമ്പകം പൂക്കുമ്പോൾ
മന്നിലെ താരകളെന്നപോലെ

വാകയും നെല്ലിയും ചമ്പകവും തെങ്ങിൻതോപ്പും തെക്കൻകാറ്റുകൊണ്ടു് ചാഞ്ചാടി നിൽക്കുന്നതിനിടയ്ക്കു്

ചെന്തെങ്ങിളം കുലപൂകിട്ടാകുന്നിന്മേൽ
ശോഭയേറുന്നൊരു പൂവനങ്ങൾ
കുഞ്ഞിളം കാറ്റുവന്നിക്കിളിയൂട്ടുമ്പോൾ
നൃത്തമാടുന്ന തളിർലതകൾ

കഥ: അങ്ങിനെ കാറ്റിലാടിയുലഞ്ഞുനിൽക്കുന്ന വൃക്ഷ

ഗണങ്ങൾക്കിടയ്ക്ക് നക്ഷത്രനിബിഡീകൃതമായ പൂന്തോപ്പുകളും ഹരിതകാന്തിക്കു് തിലകം ചാർത്തുന്ന ചെന്തെങ്ങിൻ കുലകളും ആ കുന്നിനെ മനോഹാരിതയുടെ സ്വർഗത്തിലെത്തിച്ചു എന്നാൽ

ഗായ: അത്രമനോഹരമായൊരാക്കുന്നിന്റെ
ഉച്ചിയിൽ കാണുന്ന ദേവാലയം
നീലിമയോലുന്ന മാനത്തൊരമ്പിളി—
പോലെ പ്രശോഭിക്കും ദേവാലയം

കഥ: കറുകുറ്റി കൊച്ചുഗ്രാമത്തിന്റെ വീരിമാറിൽ തെക്കുവടക്കു് നീണ്ടുനിവർന്നുകിടക്കുന്ന പാതയിലൂടെ സഞ്ചരിക്കുന്ന ഏതൊരുത്തരും ഈ കുന്നിലേയ്ക്ക് നോക്കിയാൽ ഭക്തിയോടെ തലകുനിച്ചുകൊണ്ടു് പറയും, ആ കുന്നിൻ പുറത്തു് സ്ഥിതിചെയ്യുന്ന ദേവാലയം

നീലിമയോലുന്ന മാനത്തൊരമ്പിളി—
പോലെ പ്രശോഭിക്കും ദേവാലയം

നീലിമയാർന്ന ആകാശവീഥിയിൽ നിന്നും ഭൂമിയിലേയ്ക്ക് പ്രഭ വിതറികൊണ്ടിരിക്കുന്ന പൂർണ്ണനിശാകരനെപ്പോലെ തോന്നിപ്പോകുന്ന ആ ദേവാലയം കണ്ടാൽ— ഇത്ര മനോഹരമായൊരു ദേവാലയം സ്ഥാപിച്ചതാരാണു്. ഈ ദേവാലയം ഏതാണു്. പറയാം, അതു് സി. എം. ഐ. സഭ സ്ഥാപിച്ച ക്രിസ്തുരാജകൊവേന്ത. ഈ കൊവേന്തയുടെ പ്രാർത്ഥനമുറിയിൽ കൂടി മെയ്മാസ പുഷ്പവൃഷ്ടിയിലാവൃതമായ പാർക്കുമരങ്ങളും പൂന്തോട്ടങ്ങളും കണ്ടാനന്ദമധുരസ്മരണകളെ അയവിറക്കിക്കൊണ്ടു് ഹേമന്തകാലത്തിന്റെ സമസുഖസുന്ദരമായ മന്ദമാരുതനേറ്റു് ആനന്ദസാഗരത്തിൽ ലയിച്ചു് സി. എം. ഐ.

സഭാനവീകരണപ്രക്രിയകൾക്കായി ഒരുമിച്ചു് വട്ടംകൂടിയിരുന്നു് തലപുകഞ്ഞാലോചിക്കുന്ന പൊതുസംഘപിതാക്കളെ, അഭിവന്ദ്യരായ മെത്രാന്മാരെ, സംപൂജ്യസദസ്യരെ.

കേരളത്തിന്റെ വീരമക്കളായ മഹാകവികളുടെ ലോകത്തിലേക്കു് നമുക്കു് ഒന്നു് എത്തിനോക്കാം

ഗായ: തുഞ്ചനും ദൈവദാസനും
കുഞ്ചനും കാളിദാസനും
ഉള്ളൂരും ചങ്ങൻപുഴ
കേരളവർമ്മയും മറ്റും
ഭാവനയാം സാമ്രാജ്യത്തിൽ
നിന്നുതിർന്ന വന്നോരു
പൂജ്യശില്പങ്ങൾകൊണ്ടു്
കൈരളിയെ സേവിച്ചവർ

പ്രഭാതത്തിൽ കഥകളികഴിഞ്ഞു് പിരിയുന്നതും താളം കൊട്ടിക്കൊണ്ടിരുന്നപ്പോഴും ഉറങ്ങിപ്പോയ തുഞ്ചന്റെ തുള്ളൽ പ്രസ്ഥാനവും, രാത്രികാലങ്ങളിൽ വൃക്ഷലതാദികളുടെ പശ്ചാത്തലത്തിൽ നടത്തിയിരുന്ന വില്വടിച്ചാൺപാട്ടും, ആചാര്യന്മാരുടെ കൂത്തും നടന്നിരുന്ന കേരളത്തിലേക്കു് നമുക്കു് ഒന്നെത്തിനോക്കാൻ നിങ്ങളുടെ ഭാവനയെ ഞങ്ങൾ ക്ഷണിക്കുന്നു.

ഗായ: പേരെഴും തുള്ളലും ചാക്യാർകൂത്തും
ഗാഥയും ഗീഥയും ചെറുശ്ശേരീം
വ്യാസനും ഭാസനും വള്ളത്തോളും
കഥകളി കോലടി വില്വടിച്ചാൺ

കഥ: ഇനി നമുക്കു് കഥയിലേയ്ക്കു് പ്രവേശിക്കാം. ആ പൊൻതാരം ആരായിരുന്നു, അതു് മറ്റാരുമല്ലാ ഭാരത

ത്തിലെ ഏതദ്ദേശീയ സന്യാസസമൂഹത്തിന്റെ ജനയിവു്, ദൈവദാസനായ ചാവറയച്ചൻ! ആ പിതാവിന്റെ ജീവിതത്തിലേക്കു് നമുക്കു് ഒന്നു കണ്ണോടിക്കാം

ചാവറയച്ചൻ മാന്നാനംകുന്നിൽ നട്ട കർമ്മലസഭയാകുന്ന മുന്തിരിവള്ളി ഭാരതത്തിന്റെ നാനാഭാഗത്തേക്കും പടർന്നു് ഭാരതത്തിൽതന്നെ അഞ്ചു് പ്രോവിൻസുകളും, അഞ്ചു് സി. എം. ഐ. മെത്രാന്മാരും, അഞ്ചു് ശ്രുപതകളും ഉണ്ടായതിനും പുറമെ പാശ്ചാത്യലോകത്തിലെ റോമ്മാ, ജർമ്മനി, അമേരിക്ക മുതലായ രാഷ്ട്രങ്ങളിലും സി. എം. ഐ. സഭയുടെ മക്കൾ മിഷ്യൻ പ്രവർത്തനങ്ങളും മറ്റു് പലവിധത്തിലുള്ള ജീവകാരുണ്യ പ്രവത്തികളും നടത്തിവരുന്നു. മണ്ണറിഞ്ഞാൽ പൊന്നു വിളയും മലയാളക്കരയിൽ മാന്നാനം കുന്നിലുദിച്ചൊരു സി. എം. ഐ. സഭ പന്തലിച്ചു് ലോകത്തിലെമ്പാടും വളർന്നു് വരുന്നു.

കഥ: ചാവറയച്ചന്റെ പ്രേക്ഷിതപ്രവർത്തനത്തിന്റെ വളർച്ചക്കു് അച്ചടി തുടങ്ങിയെങ്കിൽ – ഇന്നിതാ അദ്ദേഹത്തിന്റെ പിൻഗാമികൾ വളരെയധികം പുരോഗമനപ്രവർത്തനങ്ങളായ ജീവകാരുണ്യപ്രവത്തികളിൽ വ്യാവൃതരായിരിക്കുന്നു. ആ വന്ദ്യപതാവിനെ വിശുദ്ധരുടെ പദവിയിലേക്കുയർത്താനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാമണു്. കേരളസഭയുടെ വീരകേസരി അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ഒരു തീർത്ഥയാത്ര നടത്തിയ ആ വന്ദ്യനെ നമുക്കൊരുമിച്ചു് വാഴ്ത്താം.

സ്നേഹതാതാ നിൻ നാമം വാഴ്ത്തിടട്ടെ
ഭക്തിയോടെ വന്ദനങ്ങൾ നൽകിടട്ടെ

ഏകിടുക നൽവരങ്ങളെന്നുമെന്നും
കേണിടുന്ന ഞങ്ങളെന്നും നിൻ തനയർ
ലോകമാകവെ നിന്നെ വാഴ്ത്തിടുവാൻ
ദിവ്യനാഥൻ നൽവരങ്ങം നൽകിടട്ടെ
എന്നും നൽകിടട്ടെ.

നിത്യഭാഗ്യം നകർന്നിടുന്ന സ്നേഹതാതാ
കാത്തിടുക നിൻസഭയെ നിത്യമായി
തന്നിടേണമെ എന്നും ആശിസ്സുകളം
കേണിടുന്ന നിൻതനയർ ഞങ്ങളെന്നുമെന്നും
നിൻ തനയർ എന്നുമെന്നും

അവതരണഗാനം

കലതന്റെ കാൽചിലമ്പൊച്ച കേൾക്കുന്ന
മലയാളനാടേ
വരുന്ന ഞങ്ങളം അണയുന്നിതാ നിൻ_
അരികത്തു ഞങ്ങളം.
അണയാത്തതാം കലാദീപവുമേന്തി
ആ..... ആ..... ആ.....

സമൂഹം: വരുന്ന ഞങ്ങളിതാ വരുന്ന ഞങ്ങളിതാ
മന്നിൻമക്കടെ കലകളുമായ്
പൊന്നിൻ കലകളുമായ്
വരുന്ന ഞങ്ങളിതാ.....

നേതാവ്: ശാന്തിനികേതന ഭാരതമെ

സമൂഹം: ആ..... ആ..... ആ.....

നേതാ: ചാവറ നീട്ടിയ കൈത്തിരിയിൽ നി_
ന്നേന്തുക ദീപപൊൻശിഖകം (2)

നിശയുടെ നിശബ്ദതയിൽ, ചന്ദ്രികയുടെ നീലിമയിൽ, താരാപഥങ്ങളുടെ മാധുരിയിൽ – പ്രശാന്തസുന്ദരമായ സായംസന്ധ്യയിൽ നമുക്കു് പാടാം.

ഗായ: പച്ചയാം വിരിപ്പിട്ട സഹ്യത്തിൽ തലവെച്ചും
സ്വച്ഛാബ്ധിമണൽതിട്ടാം
പാദോപദാനം പൂത്തും
പള്ളികൊണ്ടീടുന്ന നിൻ
പാർശ്വയുഗ്മത്തെ കാത്തുകൊള്ളുന്ന
കുമാരിയും ഗോകർണ്ണേശനും
തുഞ്ചനും ചെറുശ്ശേരീം
കുഞ്ചനും വടിവേലുവും

കഥ: ന്യൂറാണ്ടുകൾക്കു് മുമ്പു് തോമാശ്ലീഹാ കൊളുത്തിയ ആ ദീപം 19–ാം ന്യൂറാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭീകരമായ ഒരു കൊടുങ്കാറ്റിൽ ആടിയുലയുകയായിരുന്നു. അതെ കൊടുങ്കാറ്റിലകപ്പെട്ട കേരളസഭാതനയർക്കു് പ്രതീക്ഷകളെ ഉതിർത്തിവിട്ട ഒരു പൊൻതാരം ഉദയം ചെയ്തു.

എവിടെ

ഗായകർ: പേരാറും പെരിയാറും
കളിയാട്ടം നാടേതോ
കടലലയും കായലുമേ
കഥപറയും നാടേതോ?
പേരതിനു മലയാളം
പേരുകേട്ട മലയാളം

വേമ്പനാട്ടു കായലിനരികെ
കൊമ്പനാന തലപൊക്കും

സഹ്യഗിരി സാനുവിൽ
കുടികൊള്ളും നാടേതോ?
പേരതിനു കൈനകരി
പേരുകേട്ട കൈനകരി

കഥ: ആ പൊൻതാരം ആരായിരുന്നു. ഭാരതത്തിലെ ഏക ഏതദ്ദേശീയ സന്യാസസഭയുടെ ജനയിതാവു്–അതെ ചാവറയച്ചൻ. ആ പിതാവിന്റെ ജീവിതത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കാം.

കൈനകരി നാട്ടിലുള്ളോരു
കർഷകന്റെ കുടുംബത്തിൽ
മാലോകർ കീർത്തികും മഹിതാശയനുണ്ടായി.
പേരവനു കുര്യാക്കോസു്
പേരുകേട്ട കുര്യാക്കോസു് (2)

കഥ: അതെ കൈതകാട്ടുകളും, കലമാൻപേടകളും, കനകം വിളയുന്ന വയലേലകളും, കേരകവൃക്ഷങ്ങളും നിറഞ്ഞു് നിൽക്കുന്ന കുട്ടനാടൻ താഴ്വരയിൽ കുണുങ്ങി കുണുങ്ങിയെത്തുന്ന കളിയോടങ്ങളെ കിങ്ങിണിജാലം മുഴക്കി സ്വാഗതം ചെയ്യുന്ന മീനച്ചിലാറിന്റെ മാറിൽ മറഞ്ഞു് കിടക്കുന്ന ഒരു ഗ്രാമമാണു് കൈനകരി. അവിടെ പ്രസിദ്ധമായ ചാവറ കുടുംബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 8–ാം തീയയി വെള്ളിയാഴ്ച കുര്യാക്കോസു് ജാതനായി.

അഴകേറും പൈതൽതൻ
അയൽവക്കക്കാർക്കെല്ലാം
അലിവോലും സുന്ദരൻ
അരുമക്കിടാവായു് മാറി

കഥ: അങ്ങനെ നമ്മുടെ കഥാനായകൻ അനുസരണത്തിലും പുണ്യത്തിലും വളർന്നു് എല്ലാവരുടേയും സ്നേഹമാജ്ജിച്ചു. ഭക്തരായ അവന്റെ മാതാപിതാക്കൾ അവനെ മാതാവിനു് അടിമവെച്ചു. എട്ടു് വയസ്സുപ്രായമായതു മുതൽ ആ പൈതൽ മകരത്തിലെ മരംകോച്ചുന്ന തണുപ്പിലും, കർക്കിടകത്തിലെ കനത്ത പേമാരിയിലും അഞ്ചെട്ടു നാഴികദൂരം, ദുഷ്ടകമായ വഴിയും താണ്ടി സൂറിയാനി കുർബ്ബാനക്കു് സഹായിച്ചുകൊണ്ടിരുന്നു. 11 വയസ്സു് തികഞ്ഞപ്പോൾ കൊച്ചുകുര്യാക്കോസു് ഒരു സെമ്മിനാരി വിദ്യാർത്ഥിയായി മാറി. ചിരകാലപ്രതീക്ഷിതമായ ആ സ്വപ്നം അങ്ങിനെ യാഥാർത്ഥ്യമായി.

ഗായ: വേലക്കാരൊ വീരളം- എന്നാൽ വയലുകൾ ഇനിയും വളരെ. തിരുനാഥന്റെ ആഹ്വാനത്തെ കുര്യാക്കോസു് സ്വയം വരിച്ചു.

പള്ളിപ്പുറം സെമ്മിനാരിയിൽ
പഠിത്തത്തിൽ പ്രാർത്ഥനയിൽ
പാരം ജീവിതവിശുദ്ധിയിൽ – വളർന്നു ബാലൻ.

കഥ: ഇതിനിടയിൽ ആ സെമ്മിനാരി വിദ്യാർത്ഥിയെ ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായി. തന്റെ പ്രിയപ്പെട്ട മാതാവും, വത്സലപിതാവും, തന്റെ ഏക സഹോദരനും മൃത്യുവിനിരയാക്കപ്പെട്ടു.

ഗായ: കണ്ണുനീരിൻ കഥയിതു ചൊൽവാൻ കണുമിടറുന്നു.

വാത്സല്യനിധിയാകും പിതാവും മാതാവും മരണത്തിന്റെ മടിത്തട്ടിൽ മടങ്ങിപ്പോയി. കരളലിവുള്ളോർ കരയുമീ

കദനത്തിൻ കഥകേട്ടു് കുര്യക്കോസു് കരളു് വിങ്ങി കരഞ്ഞുപോയി. അപ്പോഴാണു്. വീട്ടുഭരണം നടത്തുവാൻ വീട്ടിലാരുമില്ല. എല്ലാവരുടേയും ദൃഷ്ടികളും കുര്യാക്കോസിലേക്കു് തിരിഞ്ഞു. കദനത്തിന്റെ കണ്ണുനീർ ചുഴിയിലേക്കു് കൊച്ചുകുറിയാക്കോസു് വലിച്ചിഴയ്ക്കപ്പെട്ടു. കുടുംബഭരണത്തിന്റെ വേലിയേറ്റത്തിൽ അദ്ദേഹം വിവശനായി. പക്ഷെ വീട്ടുകാരുടെ നിരന്തരമായ സമ്മർദ്ദത്തെ തൃണവൽഗണിച്ചുകൊണ്ടു് അദ്ദേഹം സ്വജീവിതത്തിൽ മുന്നേറി. കലപ്പയിൽ കൈവെച്ച ആ കർമ്മയോഗി പുറകോട്ടു തിരിഞ്ഞുനോക്കിയതേയില്ല.

കഥ: അങ്ങിനെ ആ സെമ്മിനാരി വിദ്യാർത്ഥി ക്ലാസ്സിലെന്യെ തന്റെ സെമ്മിനാരി ജീവിതം തുടർന്നു.

ഗായ: പരീക്ഷകളനവധി
പാഞ്ഞുവന്നലച്ചിട്ടും
പരമേശൻ തന്നിൽ ശരണംവെച്ചു്
പതിമൂന്നുകൊല്ലം സെമ്മി
നാരി തന്നിൽ വളർന്നോരാ
പരിത്യാഗിക്രിസ്തുവിന്റെ
പുരോഹിതനായു് മാറി.

കഥ: അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദൈവസ്നേഹാഗ്നി വീണ്ടും കത്തിജ്വലിച്ചു. അപ്പോഴാണു് സന്യാസഭവനസ്ഥാപനം എന്നൊരു സുന്ദരാശയം അദ്ദേഹത്തിൽ ഉയർന്നുകൊണ്ടതു്. ദൈവസ്നേഹത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കുവാനുള്ള ഒടുങ്ങാത്ത ദാഹമായിരുന്നു അതു്.

ഗായ: പാലക്കൽ, ചാവറ–
പോരുക്കരയെന്നീ
പേരെഴും വൈദിക

രൊത്തങ്ങുചേർന്നു
മാന്നാനം കുന്നിന്മേൽ
മൂന്നാം കർമ്മല സന്യാ-
സസമൂഹമാരംഭിച്ചു.

അങ്ങനെ 1855 ഡിസംബർ 8-ാം തീയതി മാന്നാനംകുന്നിൽ ഭാരതത്തിന്റെ ഏക ഏതദ്ദേശീയ കർമ്മലീത്താസഭ ബീജാവാപം ചെയ്തു.

കഥ: പ്രീയോർ ജനറാളിന്റെ സ്ഥാനത്തിരുന്നുകൊണ്ട് കേരളകത്തോലിക്കാസമുദായത്തേയും ആ പുണ്യചരിതൻ പോഷിപ്പിച്ചുകൊണ്ടേയിരുന്നു. തിരുകൂട്ടംബത്തിന്റെ തികഞ്ഞ ഭക്തനായിരുന്ന അദ്ദേഹം ആ ദിവ്യസ്രോതസ്സിൽനിന്നും ശക്തി സംഭരിച്ചുകൊണ്ട് കാട്ടം മേട്ടം മലയും കുന്നും കയറിയിറങ്ങി കല്ലും മുള്ളും ചവിട്ടിമെതിച്ച് മലയാളത്തിലുടനീളം ധ്യാനപ്രസംഗങ്ങളം നടത്തി ജനലക്ഷങ്ങളെ പ്രബുദ്ധരാക്കുകതന്നെ ചെയ്തു.

ഗായ: കല്ലിലും മുള്ളിലും
കാലുചവിട്ടിയാ
വല്യപ്രീയോരച്ചൻ
ചെല്ലുമെങ്ങും
വാക്കുകൊം തന്നുടെ
വശ്യതയാലും നല്ല-
തീഷ്ണതയേറും
വിശ്വാസത്താലും
സ്വർല്ലോകനാഥന്റെ
സ്നേഹത്തിൻ സോപാനം
എല്ലാ മനുജർക്കും
ചൊല്ലികൊടുക്കും.

ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്ന ദൈവത്തിന്റെ തത്വങ്ങളും മനുഷ്യരെ ഗ്രഹിപ്പിക്കുന്ന ദൈവം മനുഷ്യരുടെ മാത്രമല്ല ഈ ലോകത്തിലുള്ള സകല ചരാചരങ്ങളുടെ പിതാവാണെന്നു് ധരിപ്പിക്കുന്ന, മനുഷ്യരെ സ്വർഗ്ഗത്തിന്നവകാശികളും ദൈവത്തിനു ഓമനകളും ആക്കിമാറ്റുന്ന അംബരചുംബികളായ ദേവാലയങ്ങളും പള്ളിക്കൂടങ്ങളും കോളേജുകളും അച്ചടിശാലകളും തുടങ്ങി.

ഗായ: കന്യകാമാതാവിന്റെ
ദാസിമാരായീടുന്ന
കന്യകാമാർക്കുള്ള
കന്യാസ്ത്രീമഠങ്ങളും
അഗതിമാക്കായുള്ളൊ—
രനാഥമന്ദിരവും

കഥ: അതുമാത്രമല്ല—
ചെത്തിപ്പുഴയിൽ നൽ
മുത്തോലിയിൽ ബത
അമ്പഴക്കാട്ടിലും പുളിങ്കുന്നിൽ
വാഴക്കുളത്തും നല്ലൊ—
രുകുനമ്മാവിലും
എൽത്തുരുത്തിലും
കൊവേന്തകളുണ്ടായു്

കാലചക്രം പിന്നേയും നീങ്ങി സേവനത്തിന്റെ പാതയിലൂടെ ത്യാഗത്തിന്റെ താലവുമേന്തി, പരസ്നേഹത്തിൽ തല്പരനുമായി ആ കമ്മയോഗി ബഹുദൂരം മുന്നോട്ടുനീങ്ങി. അതോടൊപ്പം വിശുദ്ധിയുടെ ഗുരിസ്ഥാനത്തിലേക്കു് അദ്ദേഹം പദം—പദം മുന്നേറി.

ഗായ: പകലന്തിയോളം നന്നായ്
പാടുപെട്ട പണിചെയ്ത
പുരോഹിതൻ പരിശുദ്ധ-
സക്രാരിമുമ്പിൽ
പലപല മണിക്കൂറും
പരിപൂർണ്ണധ്യാനത്തിലും
പാരം ദിവ്യാനന്ദത്തിലും
ഒന്നുചേർന്നു ലയിച്ചിരുന്നു.

കഥ: കുര്യക്കോസച്ചന്റെ വ്യക്തിമഹാത്മ്യവും, സേവനോത്സുകതയും കണ്ടറിഞ്ഞ സഭാധികാരികൾ അദ്ദേഹത്തെ മലങ്കര സുറിയാനി സഭയുടെ വികാരിജനറാളായി ഉയർത്തി. പക്ഷെ വിനയശാലിയായ നമ്മുടെ കഥാപുരുഷൻ ആദ്യം അതിനു വിസമ്മതിക്കയാണുണ്ടായതു്. അങ്ങനെ സുറിയാനിക്കാരുടെ വികാരിജനറാളായി-സേവനം മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ടു് ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെ സഭാഭരണസാരഥ്യം വഹിച്ചു് സ്വന്തമടേയും കണ്ണിലുണ്ണിയായി മാറി. ഇതിനിടയിലാണു് കേരളകത്തോലിക്കാ ക്രൈസ്തവസഭയെ ആകമാനം കീടിലംകൊള്ളിച്ച ആ സംഭവമുണ്ടായതു്.

ആ നാളിലാണു് ബാബേലിൽനിന്നും റോക്കോസു് എന്നൊരു കൽദായൻ സുറിയാനിമെത്രാനെന്ന കള്ളപ്രചരണവും നടത്തി. റോമിലെ അംഗീകാരം ഒന്നും കൂടാതെ കപ്പലിൽ വന്നു് കൊച്ചിയിലിറങ്ങിയതു്. സ്വജാതി മെത്രാനെ കിട്ടിയ കത്തോലിക്കാസമൂഹം അദ്ദേഹത്തെ ആശ്ലേഷിക്കുവാൻ മുന്നോട്ടടുത്തു. കേരളകത്തോലിക്കാ സമൂഹമാകെ കള്ളപ്രചരണത്തിന്റെ കുടുക്കിൽ പെടുന്നതുകണ്ടു് അടങ്ങിയിരിക്കാൻ ആ കർമ്മധീരനു് മലയാളത്തിന്റെ വത്സലപിതാവിനു് കഴിഞ്ഞില്ല.

ഗായ: കമ്മോത്സുകനാം കമ്മലധീരൻ
കപ്പലിറങ്ങിയ കള്ളത്തോക്കിനെ
കെല്പോടന്നങ്ങെതിരിട്ട
കേരളമക്കൾ വീണില്ല
റോക്കോസിവിടെ വാണില്ല
കപടതയാർന്നൊരു റോക്കോസിനെ
കപ്പലിലയച്ചു ക്രൂര്യാക്കോസ്

കമ്മോത്സുകനാം.....

കഥ: ശീശ്മക്കെതിരെ അടരാട്ടവാൻ അരയും തലയും മുറുക്കി ആ ധീരയോധാവു് രണാങ്കണത്തിൽ പ്രത്യക്ഷപ്പെട്ടു. റോക്കോസിന്റെ കാപട്യത്തെ ജനസമൂഹത്തിനു് വ്യക്തമാക്കികൊടുക്കുവാനായി നിരോധനാജ്ഞകളിലൂടേയും മറ്റു് നിരവധി പ്രചരണോപാധികളിലൂടെയും അദ്ദേഹം ശ്രമിച്ചു. കേരളമക്കൾ വീണില്ല. അങ്ങനെ റോക്കോസു് വന്നു് ഒരു വാർഷികം കഴിയുന്നതിനു് മുമ്പു് അയാളെ ബാശ്ദാദിലേക്കു് കെട്ടുകെട്ടിച്ചു. കേരള സഭാമണ്ഡലത്തിൽ കടന്നുകൂടിയ ആ കാർമേഘപടലത്തെ – ആ ശീശ്മയെ ചാവറയച്ചൻ ഉൻമൂലനം ചെയ്തു.

കോലാഹലത്തിന്റെ കാലം കഴിഞ്ഞപ്പോൾ, പ്രായോഗികവും പ്രയോജനകരവുമായ പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാവൃതനായി. ദേവാലയകർമ്മങ്ങൾക്കു് പുതിയൊരു തേജസ്സും ഓജസ്സും പകർന്നുകൊണ്ടു് ഭക്ത്യാഭ്യാസങ്ങൾക്കു് പുത്തൻ ശ്രുഭാവങ്ങൾ നൽകിക്കൊണ്ടു് പരിഷ്കരണങ്ങളിലൂടെ കേരളസഭയെ അദ്ദേഹം ക്രമീകരിച്ചു. 40 മണിക്കൂർ ആരാധന, പള്ളിപ്രസംഗങ്ങൾ, വേദോപദേശക്കളരികൾ തുടങ്ങി നിരവധി ഭക്ത്യാഭ്യാസങ്ങൾ സമാരംഭിക്കുകയും, അതിനു് നിർല്ലോഭമായ സഹായ

സഹകരണങ്ങളും ഒരു വികാരി ജനറാളിന്റെ അധികാരത്തോടും, അതിലുപരി പരിത്യാഗബുദ്ധിയോടും കൂടി അദ്ദേഹം വെച്ചുനീട്ടി.

പള്ളിയോടൊപ്പം നൽ പള്ളിക്കൂടങ്ങളും
അച്ചടിശാലയും വന്നു പിന്നെ
അജ്ഞാനിയായോരെ വിജ്ഞാനിയാക്കുന്ന
വേദോപദേശം തുടങ്ങീവേഗം

ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്ന, ദൈവത്തിന്റെ തത്വങ്ങളും മനുഷ്യരെ ഗ്രഹിപ്പിക്കുന്ന ദൈവം മനുഷ്യരുടെ മാത്രമല്ലാ, ഈ ലോകത്തുള്ള സർവ്വ ചരാചരങ്ങളുടെ പിതാവാണെന്നു ധരിപ്പിക്കുന്ന, മനുഷ്യരെ സ്വർഗ്ഗത്തിനവകാശികളും ദൈവത്തിനു് ഓമനമക്കളുമാക്കി മാറ്റുന്ന, ദേവാലയങ്ങളും, പള്ളിക്കൂടങ്ങളും, വേദോപദേശകളരികളും അച്ചടിശാലയും ദൈവദാസൻ തുടങ്ങി.

ഗായ: കന്യകാമാതാവിന്റെ
ദാസിമാരായിടുന്ന
കന്യകമാർക്കുള്ള
കന്യാസ്ത്രീ മഠങ്ങളും
അഗതിമാർക്കുള്ളോ—
രനാഥമന്ദിരവും
അഭയം വേണ്ടവർക്കായു്
പണിതു മഹാമഹൻ.

കഥ: കുര്യാക്കോസച്ചന്റെ വ്യക്തിപ്രാഭവവും നൈപുണ്യവും മലങ്കര വികാരിഅപ്പസ്തോലീക്കായായിരുന്ന അഭിവന്ദ്യ ബെന്ന്യൂർ ദീനോസു് മെത്രാപ്പോലീത്തായുടെ

സവിശേഷമായ ശ്രദ്ധക്കു് പാത്രീഭവിച്ചു. തന്റെ അനഗാമിയായി കേരള സുറിയാനിസഭയെ ഭരിക്കുവാൻ കുര്യാക്കോസച്ചനെ തിരഞ്ഞെടുക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പക്ഷെ നമ്മുടെ കഥാനായകനാകട്ടെ അതിനു വിസമ്മതിക്കയാണുണ്ടായതു്. ഒരു ചെറുപ്പക്കാരന്റെ ചോരതിളപ്പോടെ കേരള സഭാസേവനം നടത്തികൊണ്ടിരിക്കെ അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്ന വാതരോഗം അതിന്റെ മൂർദ്ധന്യത്തിലെത്തി.

ഗായ: വാതരോഗത്താലെങ്ങും
വേദന തിങ്ങിവിങ്ങി
മെയ്യാകെ വയ്യെന്നായി
ശയ്യാവലംബിയായി

പക്ഷെ ഉൽക്കടമായ ആ സേവനചൈതന്യത്തിന്റെ ശക്തിയാൽ ശയ്യയെ ശരണം ഗമിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. ശരീരസ്ഥിതിയെ ഗണ്യമാക്കാതെ അദ്ദേഹം വീണ്ടും കമ്മരംഗത്തിറങ്ങി. അശരണക്കുവേണ്ടി അദ്ദേഹം രാപകൽ അദ്ധ്വാനിച്ചു. ഇതദ്ദേഹത്തിന്റെ ശരീരത്തിലേക്കു് ക്ഷതമേൽപ്പിച്ചു.

ഗായ: ദുഷ്കരമായൊരു രോഗം
ദുർബലമായൊരു ശരീരത്തിൽ
ഇത്തരുണത്തിൽ കഷ്ടതയേറും
നിസ്തുലമായ പ്രയത്നം

കഥ: ഇതദ്ദേഹത്തിന്റെ ജീവനെ കാന്നു് കാന്നു് തിന്നുകൊണ്ടിരുന്നു. പ്രസിദ്ധരായ പല വൈദ്യന്മാരും അദ്ദേഹത്തെ ചികിത്സിച്ചുവെങ്കിലും യാതൊരു ഫലവുമുണ്ടായില്ല.

ഗായ: ഔഷധഫലസംസൂത്രം
ഈശോപാദം സദാ നമഃ
ഭിഷഗ്വരാ ധരിക്കേണം
ഔഷധാവശ്യനം തഥൈവ.

കേരളത്തിലുടനീളം ചുറുചുറുക്കോടെ പ്രവത്തിച്ചിരുന്ന അദ്ദേഹം ആ കർമ്മധീരൻ ക്രനമ്മാവാശ്രമത്തിന്റെ നാലു കെട്ടിലൊതുങ്ങി കഴിയുന്ന ഒരു നിത്യരോഗിയായി മാറി. പക്ഷെ കഠിനമായ രോഗപീഡകൾക്കിടയിലും, പുഞ്ചിരി തൂകികൊണ്ട് സദുപദേശങ്ങൾ നൽകാനും, ഫലിതോക്തികൾകൊണ്ട് തന്നെ ആശ്വസിപ്പിക്കാൻ വന്നവരെ സന്തോഷിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. തന്നിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നി ഉജ്ജ്വല പ്രഭയോടെ വീണ്ടും തെളിഞ്ഞുമിന്നി. തന്റെ ദിവ്യനാഥനുമായി താദാത്മ്യം പ്രാപിക്കുവാനുള്ള അവസരമായി ആ രോഗപീഡയെ അദ്ദേഹം കണക്കാക്കി.

ഗായ: രോഗത്തിൻ അഗ്നിതന്നിൽ
ഈശ്വരൻ തൻദാസനെ
ശുദ്ധീകരിച്ചു പിന്നെ
ദിവ്യണീഭവിപ്പിച്ചു.
അദ്ധ്യാത്മതേജസ്സെഴും
ആ മുഖം ആക്കം സദാ
ആനന്ദമേകി ദിവ്യ—
ആവേശം പകർന്നപോൽ

കഥ: ഇതദ്ദേഹത്തിന്റെ ജീവനെ കാൻസർ കാൻസർ തിന്നുകൊണ്ടിരുന്നപ്പോഴും സുകൃതസോപാനത്തിന്റെ പടികളൊന്നൊഴിയാതെ ചവിട്ടിക്കയറി അദ്ദേഹം സ്വർഗ്ഗീയകവാടത്തിലെത്തിയിരുന്നു. വിശുദ്ധിയുടെ ഗിരിശൃംഗ

ത്തിൽ — പക്ഷെ രോഗം അതിന്റെ സർവ്വവിധ, ഭീകരതകളോടും കൂടി ആ ശരീരത്തെ കാൻസർ തിന്നുകൊണ്ടിരുന്നു. രോഗത്തിന്റെ കാഠിന്യത്തെ തടുത്തുനിർത്തുവാൻ ആ ദുർബ്ബലമായ ശരീരത്തിനു കഴിഞ്ഞില്ല. അതെ മരണം അതിന്റെ മാടപ്രാവിനെ മാടിവിളിക്കയായിരുന്നു.

മരണത്തിൻ ചിറകടി
മാറൊലി കൊണ്ടപ്പോഴും
മുറിതന്നിൽ മ്ലാനത
തങ്ങിനിന്നേവരിലും

കഥ: 1871 ജനുവരി മൂന്നാം തീയതി പുതുവത്സരത്തിന്റെ അലയോലകൾ അടങ്ങിയിട്ടില്ലായിരുന്ന അവസരം പുതുവത്സരപുലരിയുടെ പുലർകാലനക്ഷത്രത്തിന്റെ പ്രഭ മങ്ങിയിട്ടില്ലായിരുന്നു. കേരളസഭാനഭോമണ്ഡലത്തിൽ ദുഃഖത്തിന്റെ ഏങ്ങലടികൾ ഉയർന്നു. തന്റെ അന്ത്യദിനം അടുത്തിരിക്കുന്നതു മനസ്സിലാക്കിയ ആ ത്യാഗിവര്യൻ അന്ത്യലേപനം ആവശ്യപ്പെട്ടു. ആശ്രമവാസികളെല്ലാവരും തങ്ങളുടെ പിതാവിന്റെ മരണകിടക്കയ്ക്കു ചുറ്റും കദനഭാരത്തോടെ നമ്രശിരസ്സരായി നിലകൊണ്ടു. കട്ടിലിൽ കിടന്നിരുന്ന ആ ദിവ്യസ്വരൂപത്തെ അഭൗമതേജസ്സു ആവരണം ചെയ്തിരുന്നതായി അവർക്കു അനുഭവപ്പെട്ടു.

സ്വർഗ്ഗീയകിരണങ്ങൾ ആ മുഖകമലത്തിൽ പൊതിഞ്ഞിരുന്നു. അധരങ്ങൾ തുറന്നു അവിടന്നു ശിഷ്യഗണത്തിനു അന്ത്യോപദേശം നൽകി, ''മാമ്മോദീസായിൽ എനക്കുലഭിച്ച വരപ്രസാദം നഷ്ടപ്പെടുത്തുവാൻ എനിക്കിതുവരെ ഇടയായിട്ടില്ല.'' ആത്മധൈര്യത്തോടും

വിശ്വാസധീരതയോടും കൂടിയ ആ വാക്കുസുധകൾ വാ
ന്നൊഴുകി. പ്രാർത്ഥനാനിരതരായി നിലകൊണ്ട ആ
ശിഷ്യഗണത്തെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ആ പാവനാ
ത്മാവു് നിത്യതയിലേക്കു് പറന്നുപോയി.

ഗായ: ത്യാഗത്തിൻ ബലിജീവിതം
വിശുദ്ധമായൊരു ജീവിതം
കടന്നുപോയാധീരസുതന്റെ
വീര്യമെഴും മഹാജീവിതം.

കഥ: കാലചക്രം പിന്നെയും തിരിഞ്ഞു് വസന്തങ്ങളും
ഹേമന്തങ്ങളും പലകുറിമാറിമറിഞ്ഞു. മാന്നാനത്തെ മണ്ണി
ൽനട്ട ആ കമ്മലസഭയായ ചെടി വളർന്നു് പന്തലിച്ചു
ആ സഭാശാഖയിൽ ഇലകളും തളിരിട്ടു. അനേകായി
രങ്ങൾക്കു് ആ വൃക്ഷം താങ്ങും തണലുമായി നിലകൊ
ണ്ടു. നിത്യഹരിതയായി നിലകൊണ്ട ആ സഭാശാഖക്കു്
ശാഖകളും ഉപശാഖകളും ഉണ്ടായി.

ഗായ: കാലമാം ചക്രത്തിൽ
കാലുകൾ പിന്നെയും
നീങ്ങിത്തുടങ്ങിമെല്ലെ
സി. എം. ഐ. ശീഘ്രം വളർന്നു പിന്നെ
സെൻറു് ജോസഫു് പ്രൊവിൻസും
സേക്രട്ടു് ഹാർട്ടു് പ്രൊവിൻസും
ദേവമാതാ പ്രൊവിൻസും പിന്നെ
സെൻറു് തോമസു് പ്രൊവിൻസും
മാർതോമ്മാ പ്രൊവിൻസുമുണ്ടായി

കഥ: മാന്നാനം കുന്നിൽ നട്ട ആ മുന്തിരിവള്ളി മലയാ
ളനാടും വിട്ടു് ഇന്നിതാ ഭാരതത്തിന്റെ നാനാഭാഗത്തേ

ക്കും പടർന്ന ചാന്ദാ, സാഗാർ, ജഗദൽപ്പൂർ, ബിജ്നോർ, രാജക്കോട്ട് എന്ന അഞ്ചു രൂപതകളും ഭരിക്കുന്നതു് അഭിവന്ദ്യരായ ജെനുവാരിയൂസ്, കൂളെമെൻസ് പൌളീനോസ്, ഗ്രേഷ്യൻ, ജോനാസ് എന്ന അഞ്ചു ബിഷപ്പ്മാരാണു്. ഈ തിരുമേനിമാർ സി. എം. ഐ. സഭയുടെ അരുമസന്താനങ്ങളുമാണു്. കൂടാതെ ഈ രൂപതകളിലും മറുമായി ഭാരതത്തിൽതന്നെ മിഷൻപ്രവത്തനം നടത്തുന്നവരായ അനേകം സി. എം. ഐ വൈദികരും എതാനും ബ്രദേഴ്സും, വൈദീക വിദ്യാത്ഥികളും, കമ്മോത്സുകരായി ത്യാഗപൂർവ്വം ധീരസേവനം ചെയ്യുന്ന മിഷനറികളും ഭാരതത്തിലുണ്ടു്.

ഗായ: മണ്ണെറിഞ്ഞാൽ പൊന്നുവിളയും
മലയാളക്കരയിൽ (2)
മാന്നാനം കുന്നിലുദിച്ചൊരു
സി. എം. ഐ. സഭ വളർന്നുവന്നു (2)
ചെങ്കോട്ട കോട്ടകടന്നു
വയനാടൻ കുന്നും കടന്നു
ഭാരതമാം സാമ്രാജ്യത്തിൽ
നാലുദിക്കിലുമെത്തീടിന്നു.
ചാന്ദായിൽ സാഗറിലും
ബിജ്നോർ ജഗദൽപൂരിൽ
രാജക്കോട്ടിലും മിഷനറികൾ
കർമ്മധീരം ജോലിചെയ്യുന്നു.

കഥ: തന്നെയല്ല ഭാരതത്തിനു് പുറത്തു് സി. എം. ഐ. സഭക്കാർ പാശ്ചാത്യരാജ്യങ്ങളിൽ പലതിലും, ഇറ്റലിയിൽ സ്വന്തമായ ഹൌസ് സ്ഥാപിച്ചും, മിഷ്യൻ പ്രവത്തനങ്ങൾ, ഇടവകപള്ളിജോലികൾ, കോളേജ് പ്രൊഫസർമാരായും ജോലികൾ ചെയ്യുവരുന്നു എന്നതു് പര

മാത്മമായ യാഥാർത്ഥ്യം മാത്രമാണു്. കൂടാതെ ബിരുദ്ധ ങ്ങളം നേടിയെടുക്കാനായി പഠിക്കുന്നവരും ധാരാളമാ മാണു്. കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസൃതം പ്രവ ത്തിച്ച നമ്മുടെ ദൈവദാസനായ പിതാവിനെ അനുക രിക്കുന്നതിൽ ഒട്ടും പിന്നിലല്ല ഇന്നവിടത്തെ സന്താന ങ്ങളം എന്നതു് കർമ്മലീത്താ സി. എം. ഐ. സഭയ്ക്കും സഭയുടെ മക്കൾക്കും അഭിമാനകരമാണെന്നു് നിസംശയം പറയാവുന്നവയാണു്.

പരി: മാർപ്പാപ്പ: മംഗളശ്ലോകം

പത്രോസാം പാറയിന്മേൽ പരിചൊട്ട പണിചെ യ്യപ്പെട്ടോരീ ക്രിസ്തീയ പള്ളിമങ്ങാതെ നികരപരിഷ്കാ രമൊട്ട ജ്വലിപ്പോൻ ക്രിസ്തുവിൻ തൻ പ്രതിനിധ്യത്തോട്ട സപതിയുദിച്ചുപൊങ്ങുന്ന സാക്ഷാൽ പത്താം പീ യൂസു് പാപ്പാ സുചിരമരുവാറാകണെ ദൈവമെ. ആ ണ്ടാകെ നൂറു പതിനെട്ട – മൊരു മുപ്പത്തഞ്ചുമൊത്തൊരു ജൂൺ രണ്ടാം തീയതി റീയിസുദേശമതിലെ ഖ്യാതിയെഴും കോൺചെസെയായിലുണ്ടായി വന്നുമഹാൻ മഹാസുമുഖ നാം പൌലോസ്പാപ്പാ സുഖം പൂണ്ടെങ്ങും വിലസീട്ട വാൻ കൃപ നീ ചെയ്തീടേണമെ. ദൈവമെ.

അഭിവന്ദ്യ കർദ്ദിനാൾ

തുംഗപ്രാഭവമൊട്ട ശാന്തിപകരും എറണാകുളം തൃപത യിലാന്ദമായു് മംഗല്യാത്മനിധിയാം ജോസഫു് കദ്ദിനാ ളിന്റെ പൊൻവാഴ്ചയിൽ ഭംഗം കൂടാതെ തിരുമേനി

ഭരിക്ക സുതരെയിനിയുമേറെക്കാലം
ഭംഗ്യാകീർത്തിപരന്നിടട്ടെയുലകിൽ പുണ്യപ്രസൂനങ്ങ ളാൽ

സ്നേഹമാണഖിലസാരമൂഴിയിൽ

ഞാനോക്കുന്നതു് ഒരു സംഭവമാണു്. സംഭവിച്ചതു് അമേരിക്കയിൽ, ഏതാനും വർഷങ്ങൾക്കുമുമ്പാണു് അതു് സംഭവിച്ചതു്.

ആറ്റ്ലി ഒരു ഫാക്ടറിതൊഴിലാളിയാണു്. നാലു മക്കളുടെ പിതാവാണയാൾ. ഭാര്യയേയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം ഫാക്ടറിയിൽനിന്നും കിട്ടുന്ന തുച്ഛമായശമ്പളമാണു്. പക്ഷെ വിധിവൈപരീത്യമെന്നു് പറയട്ടെ, ഒരു തൊഴിൽതർക്കത്തെത്തുടർന്നു്, ഫാക്ടറി അനിശ്ചിതകാലത്തേക്കു് അടച്ചിടുവാൻ അധികാരികൾ തീരുമാനിച്ചു. ഫാക്ടറിയിൽനിന്നുള്ള അന്നദിനവരുമാനംകൊണ്ടു് ദിവസങ്ങൾ തള്ളിനീക്കിയിരുന്ന ആറ്റ്ലികുടുംബം പ്രക്ഷുബ്ധമായ നടുക്കടലിൽ പങ്കായം നഷ്ടപ്പെട്ട കൊച്ചുവള്ളംപോലെ, വിപത്തിലായി. ഒരു തൊഴിൽ അന്വേഷിച്ചു് ആഴ്ചകളും മാസങ്ങളും ആറ്റ്ലി അലഞ്ഞുനടന്നു. അവനുവേണ്ടി വാതിലുകളൊന്നും തുറക്കപ്പെട്ടില്ല. അവന്റെ ഭാര്യയും കുഞ്ഞുങ്ങളും പട്ടിണിയിലായി. എല്ലാം നഷ്ടപ്പെട്ട അവനു് കടംകൊടുക്കുവാൻ ആരും തയ്യാറായില്ല. ധനികരായ അയൽക്കാരും തങ്ങളൊന്നും കാണുന്നില്ലെന്നഭാവത്തിൽ മുഖം തിരിച്ചുനടന്നു. കഠിനമായ വിശപ്പിൽ തളർന്നുറങ്ങുന്ന തന്റെ പിഞ്ചോമനകളെ കാണുമ്പോഴും ആ സാധുമനുഷ്യന്റെ മനസ്സിൽ ആയിരംകൊടുങ്കാറ്റുകളുണ്ടാകും. അവനാകെ തളർന്നുപോകും.

ഒരുദിവസം അയാൾ വീട്ടിലേക്കു് കയറിച്ചെന്നു. അയാളുടെ ഇളയമകൾ പിതാവിന്റെ മടിയിലേക്കു് തളർന്നുവീണുകൊണ്ടു് പറഞ്ഞു. ''അപ്പച്ചാ ഒന്നുകിൽ എന്തെങ്കിലും ഭക്ഷിക്കാൻതരൂ. അല്ലെങ്കിൽ ഞങ്ങളെക്കൊന്നു

കളയൂ: വെള്ളിടിപോലെ ഈ വാചകം ആറ്റലിയുടെ ഹൃദയത്തെ പിളർന്നുകളഞ്ഞു, അയാൾ ഇറങ്ങി നടന്നു. പോകുന്നവഴി ഒരു ബേക്കറി അയാളുടെ ശ്രദ്ധയിൽപ്പെട്ടു. പലവലിപ്പത്തിലും മാതൃകയിലുമുള്ള റൊട്ടികൾ നിരത്തി വെച്ചിരിക്കുന്നു. ആറ്റലിയുടെ മനസ്സിൽ പുതിയൊരാശയം ഉദിച്ചു. അയാൾ കടയിലേക്കു് കയറി. റൊട്ടി വാങ്ങാൻ അയാളുടെ പക്കൽ പണമില്ല, ദാനം ചോദിച്ചാൽ കിട്ടുകയില്ല. ഷോപ്പുടമയുടെ ദൃഷ്ടിയിൽപെടാതെ രണ്ടു് റൊട്ടിയും എടുത്തുകൊണ്ടു് അയാൾ തന്റെ കുടിലിലേക്കു് ഓടി. വിശന്നു് മരിക്കുന്ന തന്റെ പിഞ്ചോമനകളായിരുന്നു അയാളുടെ മനസ്സുനിറയെ. പക്ഷെ, ആ റൊട്ടി തന്റെ കുഞ്ഞുങ്ങളുടെ കൈകളിൽ എത്തുന്നതിനു് മുമ്പേ അയാളുടെ കൈകളിൽ ചങ്ങലവീണു. ആറ്റലി ജയിലിലായി.

കേസു് കോടതിയിലെത്തി. ആറ്റലി തെറ്റു് സമ്മതിച്ചു. പാവം മനുഷ്യൻ അയാൾക്കുവേണ്ടി വാദിക്കുന്നതിനു് വക്കീലന്മാരുണ്ടായില്ല. എല്ലാവരും അയാളെ കള്ളനായി മുദ്രകുത്തി. അയാൾ നിശ്ശബ്ദനായി എല്ലാ ആരോപണങ്ങളും ഏറ്റെടുത്തു.

ന്യായാധിപന്റെ വിധിയെഴുതുന്ന സമയമായി. അദ്ദേഹം തന്റെ ന്യായപീഠത്തിൽ എഴുന്നേറ്റുനിന്നു്, നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് വിധിവാചകം വായിച്ചു—ആറ്റലി തന്റെ തെറ്റിനു് പരിഹാരമായി 25 ഡോളർ പിഴനൽകണം. വിധിവാചകം വായിച്ച ഉടനെ ന്യായാധിപൻ പ്രതിക്കൂട്ടിൽ നിൽക്കുന്ന ആറ്റലിയുടെ പക്കലേക്കു് നടന്നു. അദ്ദേഹം തന്റെ പോക്കറ്റിൽ നിന്നും ഇരുപത്തി അഞ്ചു് ഡോളർ എടുത്തു് ആറ്റലിക്കു

നീട്ടിക്കൊണ്ടു് സൗമ്യപൂവ്വം പറഞ്ഞു. 'സ്നേഹിതാ' ഇതു് വാങ്ങി കോടതിക്കു് നൽകുക''. ഈ രംഗം കണ്ടു് ആശ്ചര്യരപ്പെട്ടു് നിന്നിരുന്ന ജനത്തിന്റെ നേരെ തിരിഞ്ഞുകൊണ്ടു് മഹാനായ ആ ന്യായാധിപൻ ഇപ്രകാരം പറഞ്ഞു. ''ഇരുപത്തിഅഞ്ചു് ഡോളർ ഈ മനുഷ്യന്റെ പക്കലുണ്ടായിരുന്നെങ്കിൽ ഇയ്യാം റൊട്ടി മോഷ്ടിക്കുമായിരുന്നെന്നു് നിങ്ങളം കരുതുന്നുവോ? ഈ സാധുമനുഷ്യൻ ചെയ്ത തെറ്റിന്റെ ഉത്തരവാദികളം ഞാനും നിങ്ങളുമാണു്. നാമാണു് ഈ മനുഷ്യനെ മോഷ്ടിക്കുവാൻ പ്രേരിപ്പിച്ചതു്. ഈ സാധുവിന്റെ പിഞ്ചോമനകളം വിശപ്പു് കൊണ്ടു് മരിച്ചുകൊണ്ടിരുന്നപ്പോളം നാമാരും തിരിഞ്ഞു നോക്കിയില്ല. ഒരു നേരത്തെ ആഹാരത്തിനായി ഇയ്യാം നമ്മുടെ വീതില്ലൽ മുട്ടിയപ്പോളം നാം ഇയ്യാളെ ആട്ടിയോടിക്കുകയാണു് ചെയ്തതു്. അതുകൊണ്ടു് തെറ്റുകാർ നാമാണു്. ഞാനും നിങ്ങളുമാണു് പരിഹാരം ചെയ്യേണ്ടതു്.''

നീതിമാനും മനുഷ്യസ്നേഹിയുമായ ആ ന്യായാധിപന്റെ വാക്കുകളം നമ്മുടെയൊക്കെ കണ്ണുകളം തുറപ്പിക്കേണ്ടതാണു്. നമുക്കു് ന്യായാധിപന്മാരും നീതിപീഠങ്ങളുമുണ്ടു്. എന്നാൽ പലപ്പോഴും അവിടെ ബലിയാടാകേണ്ടിവരുന്നതു് നിഷ്ക്കളങ്കരും നിരാലംബരുമാണു് എന്ന സത്യം നിഷേധിച്ചുകൂടാ. നമുക്കു് ചുറ്റും പാപികളുടെ സംഖ്യ അധികരിച്ചുവരുന്നതായി നാം പലപ്പോഴും വിലപിക്കാറുണ്ടു്. എന്നാൽ ഈ പാപികളെ സൃഷ്ടിക്കുന്നതു് നാംതന്നെയാണെന്ന പരമാർത്ഥം എന്തിനു മറച്ചുവയ്ക്കുന്നു? മനുഷ്യകുലത്തിനും മുഴുവനുമായി പങ്കുവെക്കേണ്ട സ്വത്തു് മുഴുവൻ നാം അന്യായമായി കൈയ്യടക്കുകയും, നമുക്കു് ചുറ്റും പിടഞ്ഞു് വീണു് മരിക്കുന്ന

ദൈവമക്കളെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന നമ്മുടെ കപടതയ്ക്കു് ശിക്ഷ നൽകാൻ നിത്യസത്യമായ ദൈവംതന്നെ വരേണ്ടിയിരിക്കുന്നു. കാരണം നീതിശാസ്ത്രങ്ങളും, ധാർമ്മികനിയമങ്ങളും – എല്ലാം – ഇന്നു് പണത്തിനേറെയും, മതവിശ്വാസത്തിനേറെയും സ്വാധീനമുപയോഗിച്ചു് നാം കയ്യടക്കികഴിഞ്ഞിരുന്നു.

ദൈവം ലോകത്തെ ദരിദ്രമായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നതു്. ഈ ലോകത്തിലെ മനുഷ്യർക്കു് സുഖമായി ജീവിക്കാനുള്ള മാർഗ്ഗങ്ങളും, സാദ്ധ്യതകളും അവിടന്നു് ലോകത്തിൽ നിക്ഷേപിച്ചിട്ടുണ്ടു്. എങ്കിൽ പിന്നെ എന്തുകൊണ്ടു് ഇവിടെ ദാരിദ്ര്യവും ചേരിതിരിവുകളും ഉണ്ടാകുന്നു. അതിന്റെ കാരണം വ്യക്തമാണു്. ഒരു ന്യൂനപക്ഷം ലോകത്തിലെ സമ്പത്തു് മുഴുവൻ അന്യായമായി കയ്യടക്കിയിരിക്കുന്നു. ഈ ക്രൂരതയ്ക്കു് യാതൊരു നീതീകരണവുമില്ല. തികച്ചും ഹീനവും മൃഗീയവുമായ ഈ മനസ്ഥിതിക്കു് മാറ്റം വരാതെ, നാമെത്രയൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്താലും, എത്രയൊക്കെ നിയമനിർമ്മാണം നടത്തിയാലും ദാരിദ്ര്യം ഒരു ദുഃഖസത്യമായിത്തന്നെ അവശേഷിക്കും തീർച്ച.

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ
മനസ്സിൽ ദൈവം ജനിക്കുന്നു.
മനുഷ്യൻ മനുഷ്യനെ വെറുക്കാൻ തുടങ്ങുമ്പോൾ
മനസ്സിൽ ദൈവം മരിക്കുന്നു.

എന്നുള്ള വരികൾ അനിഷേധ്യമായ ഒരു സത്യത്തെയാണു് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്. മനുഷ്യർ പരസ്പരം, വിവേചനം കൂടാതെ, സ്നേഹിക്കാൻ തുടങ്ങുമ്പോൾ ജീവിതം സുന്ദരമായും ലോകം സ്വർഗ്ഗ

മായും അനുഭവപ്പെടും. മറിച്ച് കക്ഷിമത്സരങ്ങളും പരസ്പരവിദ്വേഷവും, അപരന്റെ ഉയർച്ചയിലുള്ള അസൂയയും, ജടിലമായ സ്വാർത്ഥതയും സമൂഹത്തിൽ വർദ്ധിക്കുന്നതിനനുസരിച്ച് ജീവിതം വലിയൊരു ഭാരമായും നിലനില്പ് ഏറ്റവും വലിയവേദനയായും ലോകം ഒരു യുദ്ധഭൂമിയായും അനുഭവപ്പെട്ടെങ്കിൽ ആശ്ചര്യപ്പെടേണ്ടതില്ല. ഇന്ന് ലോകത്തിലുള്ള ഏറ്റവും വലിയ വിപത്ത് ദാരിദ്ര്യമോ, ജനപ്പെരുപ്പമോ? രോഗമോ—ഒന്നുമല്ല. പ്രത്യുത സ്നേഹത്തിന്റെ അഭാവമാണ്. വേറെ വാക്കിൽ പറഞ്ഞാൽ അപകഷ്ടാബോധം. തങ്ങളെ സ്നേഹിക്കാനും, അംഗീകരിക്കാനും, വളർത്താനും മനസ്സിലാക്കാനും ആരുമില്ലെന്നുള്ള വേദനാജനകമായ അവബോധത്തിൽ നിന്നും ഉയിർകൊള്ളുന്ന അസ്വസ്ഥതയാണ്. ആധുനികലോകത്തിൽ കാണുന്ന തിന്മകളുടെയെല്ലാം ഹേതു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വെമ്പൽകൊള്ളുന്ന, പച്ചയായ മനുഷ്യന്റെ മുമ്പിലേക്ക് സ്നേഹത്തിന്റെ സുവിശേഷവുമായി നാം ഇറങ്ങിചെല്ലണം. സ്നേഹമാണ് ഏറ്റവും വലിയ ധനമെന്നും, സ്നേഹം മാത്രമാണ് പ്രശ്നജടിലമായ മനുഷ്യാവസ്ഥയ്ക്ക് നൽകപ്പെടാവുന്ന ഉത്തരമെന്നും നാം സ്വജീവിതത്തിലൂടെ മനുഷ്യന്റെ മുമ്പിൽ തെളിയിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ എല്ലാവരും എല്ലാവർക്കുംവേണ്ടി നിലകൊള്ളുകയും എല്ലാം എല്ലാവർക്കുമായി വീതിക്കപ്പെടുകയും, എന്റെ സഹോദരന്റെ സുഖവും ദുഃഖവും എന്റെ സുഖദുഃഖങ്ങളായി ഞാൻ പരിഗണിക്കയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ മാത്രമേ ആധുനികമനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ. വിശപ്പിലും ദാരിദ്ര്യത്തിലും അജ്ഞതയിലും ചൂഷണത്തിലും പെട്ട് എന്റെ സഹോദരൻ തളർന്നുമരിക്കുമ്പോൾ ഞാൻ മാത്രം

സുരക്ഷിതനാണെന്നു് നടിക്കുന്നതു് മിഥ്യയല്ലെ?

അല്ലാ ഇനിയും തന്റെ സഹോദരന്റെ കഷ്ടപ്പാടുകളിലും, സങ്കടങ്ങളിലും തുറന്ന ഹൃദയത്തോടും ധാരാള മനസ്സോടെയും സഹായം ചെയ്യാതിരുന്നാൽ നീതിവിധിയാളനായ ദൈവം പൊതുവിധിദിവസം വിധിക്കാനായി മേഘത്തേരിലെഴുന്നെള്ളി വരുമ്പോഴം, ''ഞാൻ നിങ്ങളെ അറിയുകയില്ല. ശപിക്കപ്പെട്ടവരെ പിശാചിനും അവന്റെ സന്തതികൾക്കുമായി സൃഷ്ടിച്ചിരിക്കുന്ന നിത്യനരകത്തിലേക്കു് പോകുവിൻ എന്നുള്ള ശാപവാക്കുകളും കേൾക്കുവാനും അതിനേറതായ നരകത്തിൽ കിടന്നുള്ള വേദനകളും സഹിക്കേണ്ടിവരുമെന്നുള്ളതു് ഇടയ്ക്കിടെ ഓർക്കുന്നതു് നന്നായിരിക്കും.

Br. Dominic C. M. I.



പെ: ബ: ജനറാളച്ചനു് മംഗളം (തുള്ളൽ)

പ്രഥമതസദസ്യസെക്കെല്ലാവർക്കും
പ്രഹർഷാഹ്ളാദപ്പനിനീർപൂക്കം
ജനറാളച്ചനു് മംഗളമായിരമോതാം
തിരുമുമ്പിൽനിന്നാദരവോടെ

കിട്ടിയൊരവസരമിപ്പോഴം കൈകഴം
കൂപ്പിയണയുന്നഭിവാദ്യങ്ങളം
ചിരമായുള്ളിലുദിച്ചൊരീയാശ
തരുപൂവർഷം ചൊരിയുന്നിപ്പോഴം

വൈദികഗുരുവരനഞ്ഞെ നാമം
പാരിതിലെന്നും പ്രഭപേകരട്ടെ
തോമ്മാസൈക്കരയെന്നൊരു നാമം
ഭാഗ്യം സദസ്സിനു പകരും നാമം

പിഞ്ചിതഴംപോലുള്ളഞ്ഞെചുണ്ടുകഴം
പുഞ്ചിരിതൂകുവതകലെകണ്ടാൽ
പുഞ്ചപ്പൂവാണെന്നും കരുതി
പിഞ്ചുകിടാങ്ങഴം പറിക്കാനെത്തും


വീടിനും നാടിനും നാട്ടാർക്കെല്ലാ—
മുന്നതനായിവളന്നവനഞ്ഞു്
ഇന്നിതാ കമ്മലസഭയുടെവനിയിൽ
വെൺതാരകമായു് മിന്നീടുന്നു.

എളിയവനഞ്ഞെ ജീവിതമെന്നും
ഇവരിൽ പൊന്നൊളി തൂകീടുന്നു.
എല്ലാം തീർത്ത പിതാവിൻ പക്കൽ
അഞ്ഞൊരു വത്സലസുതനാണല്ലോ

ഉന്നതസ്സംഗതലങ്ങളിലെന്നും
ഖിന്നതകൂടാതരുളുന്നങ്ങെ—
യുന്നതചിന്തയുമെളിയൊരു ജീവിത—
മെന്നും മാതൃക നൽകുവതല്ലൊ

ഇങ്ങനെയുള്ളൊരു പിതാവിൽ ദൈവം
ചൊരിയട്ടെ വരമാരിനിതാന്തം
ആയുഷ്മാനായ് ഭവിക്കണമങ്ങു—
ന്നാറും, പിന്നൊരാറാണ്ടുകളും കൂടി

കരുണാനിധിയാമുലകിൻ നാഥാ—
ന്നരുളട്ടങ്ങേക്കനവധിനന്മകളും
ആശിസ്സുമാല്യമരുളുകതാതാ
നിന്നോമൽസുതർ ഞങ്ങൾക്കെല്ലാം



അഭിവന്ദ്യ സി. എം. ഐ. മെത്രാന്മാർക്ക് മംഗളം

ആഗതരാമെല്ലാവർക്കും
സ്വാഗതങ്ങളോതീടുന്നു
അഭിവന്ദ്യമെത്രാന്മാർക്കു—
''വെൽകം'' സ്വാഗതം!

വന്നീടുന്ന സി. എം. ഐ. തൻ
പൊന്നണിഞ്ഞ ചുണ്ടൻ വള്ളം
മുന്നണിയിൽ കേറിപോട്ടെ
മന്നവനീശൊ!

സി. എം. ഐ. സഭയുടേയു—

മതിലെ മെത്രാന്മാരുടേം
ആൻവേഴ്സറി ദിനത്തിലു-
നമോദനങ്ങളം!

വാഴട്ടെ സി. എം. ഐ. സഭ
ആയിരമായിരംകാലം
തിരുസഭാതിലകമായ്
വാണീടട്ടെന്നും!

അല്ലാ ലോകാവസാനത്തോ-
ളംവാണീടട്ടെ വാഴട്ടെ
സഭയുടെ കോട്ടയായി
നിലനില്ക്കട്ടെ!

മംഗളങ്ങളായിരങ്ങളം
ആൻവേഴ്സറിദിനമതിൽ
ഭംഗംകൂടാതേകിടുന്ന
മെത്രാന്മാർക്കായി!

അഭിവന്ദ്യതാതന്മാരെ
സ്നേഹമേറും പാലകരെ
അർപ്പിക്കുന്നീ സോദരന്മാർ
സ്നേഹമാല്യങ്ങളം!

ഹൃദയത്തിലുദിക്കുന്ന
ഹൃദയത്തെ മഥിക്കുന്ന
ഹൃദയത്തിൻ സ്വരങ്ങളെ
സ്വീകരിച്ചാലും!

നന്ദിയാദരങ്ങളാലെ
നിറയുന്ന ഹൃദയങ്ങളം

ഇന്നുമോദാലധരങ്ങൾ
തുറന്നുപാടാം!

അന്തരംഗത്തവിരാമ—
മലയടിച്ചുയർന്നീടും
ആനന്ദഗാനങ്ങൾ ചേർത്തു
പാടിടാം ഞങ്ങൾ!

വന്നീടുന്ന മെത്രാന്മാരുടെ
കനകമാം രൂപതകൾ
മിന്നിത്തെളിഞ്ഞുയരട്ടെ
കനിവിൻ നാഥാ!

സൂര്യചന്ദ്രകാലത്തോളം
ഉയരട്ടെ വളരട്ടെ
സഭയുടെ ദീപങ്ങളായ്
പ്രകാശിക്കട്ടെ!

വാണീടട്ടെ രൂപതകൾ
ആയിരമായിരംകാലം
വിജയപ്രതാപത്തോടെ
വിലസീടട്ടെ!

മെത്രാൻപദംനമിച്ചുകൊ—
ണ്ടനുഗ്രഹം വരിച്ചിടാ—
നരുകിൽ വന്നണയുന്ന
കുഞ്ഞുദ്ദമനി!

10 ബ. പ്രൊവിൻസ്യാളച്ചനു് മംഗളം

മംഗളങ്ങളായിരങ്ങൾ വ—
ന്ദ്യനാംപ്രൊവിൻസ്യാളച്ചന്നായു്
മഞ്ജുളമീദിനമതിൽ
നേർന്നീടുന്നിതാ!

ഗ്രീഗരിയെന്ന നാമത്താൽ
പാവനവൈദികശ്രേഷ്ഠാ
താവകനന്മകളം ചൊല്പാൻ
നാവിതുപോരാ!

ആഴമേറിയോരെളിമ
ഊഴിയിലില്ലാ ക്ഷമയും
പൂഴിപോൽപരസ്നേഹവു—
മഴകിലൊത്തു!

അലയാഴീ തന്നിലങ്ങു്
ഉലഞ്ഞടിച്ചിടുംതിര
മാലകളംപോലെ വന്ദ്യനിൽ
പരസേവനം!

ഈശോയുടെ പ്രേഷ്ഠമിത്രം
ആശയാഗ്രഹങ്ങളെല്ലാം
യേശുവിന്നായു് പൂജിച്ചൊരു
പ്രൊവിൻസ്യാളച്ചാ!

സി. എം. ഐ.യിലേറെക്കാലം
ഭരണം നടത്തീടുവാൻ
സ്നേഹനാഥനീശോതന്നെ
വരം നല്കട്ടെ!

സ്നേഹത്തിന്റെ നിറകുടം
വിനയത്തിൻ വിളനിലം
അറിവിന്നമൃതമെന്നും
പകർന്നീടുന്നു!

കനിവിന്റെ നിറവാകും
മുനിവരൻ പ്രൊവിൻസ്യാളച്ചാ
കന്യാസുതനീശോയുടെ
പ്രതിനിധിയെ!

സ്നേഹഗീതകങ്ങൾ പാടി
സേവനഹൃദയനങ്ങൾ–
സ്സ്നായിരമായിരം നന്ദി
പറഞ്ഞീടുന്നു!

അൻപെഴുന്ന തമ്പുരാനോ–
ടിൻപോടെ പ്രാർത്ഥിച്ചീടാം
വൻപനാം താതനുവേണ്ടി
മുൻപന്തിയിലായ്!

സ്നേഹമേറും പുണ്യതാതാ
തന്നീടുക ആശിസ്സുകൾ
നിന്നോമൽ സുതരായഞ–
ങ്ങൾക്കെല്ലാവർക്കും!

പൊതുസംഘപിതാക്കൾക്കു നന്ദി

ആദ്യമായി പിതാക്കളെ
ദൈവത്തിനു കൃതജ്ഞതാ
പൂച്ചെണ്ടുകളർപ്പിച്ചീടാം
ഏകമനസ്സായ്!

നല്ലവനാം സകലേശൻ
പിതാക്കന്മാരേവരേയും
സമൃദ്ധമായ് —നിത്യവുമ—
നുഗ്രഹിക്കട്ടെ!

നിങ്ങളുടെ സേവനങ്ങളും
സഭയെല്ലാക്കാലത്തിലും
നന്ദിയോടെ സ്മരിക്കുമെ—
ന്നാശംസിക്കുന്നു!

നമുക്കായി കുരിശതിൽ
മരിച്ചതാമേശുനാഥൻ
നിങ്ങളുടെ ഹൃദയത്തിൽ
വസിച്ചീടട്ടെ!

പിതാവാകും സർവ്വേശ്വരൻ
വിപത്തുകളെല്ലാം നീക്കി
നന്മയുടെ പാതകളിൽ
നടത്തീടട്ടെ!

പരസ്നേഹപര്യായമായ്
അനവരതം വിടാതെ
തീവ്രമായ് ജോലിചെയ്യും
വന്ദ്യതാതരെ!

ഒരുമയിൽ നമ്മളീറ
സ്നേഹമോടെ സഹജരായ്
ഒരുമിച്ചുമരുവുന്ന
തെത്ര മധുരം!

പരമഗുരുമിശിഹാ
അനുദിനം തിരുവുള്ളം
പകരും സ്വരം ശ്രവിക്കാം
സംഘവചസ്സിൽ!

രൂഹായാകും ദിവ്യാത്മാവു്
നമ്മുടേതാം വിധികളിൽ
സപ്തദാനങ്ങളുമായി
അണഞ്ഞീടട്ടെ!

അന്തികത്തിൽ നിങ്ങൾക്കെല്ലാം
നന്ദിയുടെ കൃപ്പുകൈകൊം
ആദരവോടേകീടുന്നു
ഞങ്ങളേവരും!

ഓർത്തീടാം താതരെയെന്നും
പേർത്തുപേർത്തു പ്രാർത്ഥിച്ചീടാം
ധൂർത്തനാമെന്നേയും മേലിൽ
ഓർത്തീടേണമെ!

ശ്ലോകം

ആകാശം ഭൂമി സൂര്യൻ പരിചൊട്ട വിലസും താരകക്കൂട്ടവും നൽപ്രാകാശ്യം പൂണ്ടരന്തം മൃഗഖഗവൃഥുരോമാക്കളും മറുമെല്ലാം ലോകത്തിൽ താമസിക്കും നരരുടെ ഭരണത്തിനു് സൃഷ്ടിച്ച ധീമാനാകും നാഗേശ്വരൻ നിങ്ങളിലനവരതം മംഗളം നൽകീടട്ടെ.

2

ശ്വാനവാനരമാദിംഗം വ്യാഘ്രസിംഹം വരാങ്ഗിനി രാജകന്യകയായാലും പൂർവ്വജന്മം പുന: പുന: ആചാരം വലുതായധർമ്മമതിനെ രക്ഷിച്ചീടിൽ സർവ്വദാ പൂണ്ണാ

യുസ്സമഭീഷ്ടസാധ്യതകളും പാടത്തോരൈശ്വര്യവും നൽകി സകലേശൻ നിങ്ങളെ കാത്തിടും നിർണ്ണയം.

3

ഗോകർണ്ണം വാരിജാരണം പ്രതികൃടിതമകുടം ദർബ ണാണ്ണം വൃണാണ്ണം, ഡിമ്മൈ ഡിമ്മൈ ഡകട ഡകടൈ ചാമ ചാമുഷ്ടി ചമറൈ തുല്യംതുല്യം തുകു തുല്യം കുങ്കുമം വങ്കമെ വയത്തത്തെ പൂർണ്ണചിത്തത്തെ തുകു തുകുമ്മം കുങ്കു മം വാതുമാം പൽമനാഭാ.

4

വന്തേ വിങ്ങ വടി വടി രമുരകൈവാടി വധൂടി കൂടി തേടി ഹാരവടി വിലോലമകുടി വന്തേവചാടി തടീ പാടി രപംഗാഗിതം, പരിചരണാചരണോ ചിതഖേദ പുരി സുചന്ദ്രമുഖി കരതലമാരുതചേസപതി വിജംഭത സംഭത മനുകിഞ്ചിന ദുശേഷണ ശംഭുകുടുംബനി തുണ്ട നികമ്പുകളെ

5

ഒരുകുറി ഞാനൊരു പരവശനായിട്ടൊരു ചെറുവടിയും കരമതിലേന്തീട്ടരമനതന്നിൽപോവതിനായി പെരുവഴി മദ്ധ്യെ ചെന്നൊരുസമയംപ്രിയം പൂണ്ടൊരു സഖിയുംവന്നു പെരുമരനിഴലിൽ പൂണ്ടവസിച്ചാൻ ഒരുവകകൈയ കൈയുകമായൊരു ജന്തു കുട്ടിലതാക്കി കുട്ടരുമായി ഈ ജന്തുവി നുടെ ചിത്രത്തെ ഒട്ടു ചുരുക്കി ചൊല്ലീടുന്നേൻ കരമതി നില്ല കഫാലവുമില്ല കഠിനമായുള്ളൊരു വക്രമതിനുണ്ട് വാലതിനില്ല കോലതിനുണ്ട്. കോലിനു മദ്ധ്യേ വരക ളുമുണ്ട് പടയുടെ നടുവെ ചെന്നെന്നാകിൽ വീരവൊട്ട കൊല്ലും വൈരിജനത്തെ സദ്യസ്സുള്ളൊരു വട്ടംകൂട്ടുവാനെ ത്രയുമൽഭുതമായൊരു ജന്തുകുട്ടികളതിനെ തൊട്ടുകളിച്ചാൽ പെട്ടന്നവരുടെ ചോരകുടിക്കും എന്തീ ജന്തു എന്തുവലിപ്പം ചിന്തിച്ചറിവോടറിവിച്ചിടുവിൻ.